# UNIVERSITY OF KERALA
കേരളപഠനവിഭാഗം

DEPARTMENT OF KERALASTUDIES

2024

## PREAMBLE

**The role of higher education is vital in securing the gainful employment and providing further access to higher education comparable to the best available in the world-class institutions elsewhere. The improvement in the quality of higher education ,therefore, deserves to be given tom-most priority to enable the young generation ofstudents to acquire skill, training and knowledge to enhance their thinking,comprehension and application abilities and prepare them to compete, succeed andexcel globally. Sustained initiatives are required to reform the present higher education system for improving and upgrading the academic resources and learning environments by raising the quality of teaching and standards of achievements in learning outcomes across all undergraduate programs in science, humanities, commerce and professional streams of higher education. One of the significant reforms in the undergraduate education is to introduce the Learning Outcomes-based Curriculum Framework (LOCF) which makes it student-centric, interactive and outcome-oriented with well-defined aims, objectives and goals to achieve. The University Grants Commission (UGC) took the initiative of implementing the LOCF in the Colleges and the Universities of the country.**

**Accordingly, the University of Kerala has decided to implement the LOCF in all its departments under the auspices of Internal Quality Assurance Cell (IQAC). A series of teacher training workshops were organised by IQAC and the office of the Credit and Semester System (CSS), and the departments have revised the syllabus accordingly, through workshops and in consultation with academic experts in the field.**

## GRADUATE ATTRIBUTES (GAs)

**The Graduate Attributes (GAs) reflect particular qualities and abilities of an individual learner including knowledge, application of knowledge, professional and life skills, attitudes and human values that are required to be acquired by the graduates of University of Kerala. The graduate attributes include capabilities to strengthen one's professional abilities for widening current knowledge and industry-ready skills, undertaking future studies for global and local application, performing creatively and professionally, in a chosen career and ultimately playing a constructive role as a socially responsible global citizen. The Graduate Attributes define the characteristics of learners and describe a set of competencies that are beyond the study of a particular area and programme.**

**The GAs of University of Kerala**

- **Continue life-long learning as an autonomous learner**
- **Continuously strive for excellence in education**
- **Apply and nurture critical and creative thinking**
- **Promote sustainable development practices**
- **Promote co-operation over competition**
- **Balance rights with responsibilities**
- **Understand and respect diversity & difference**
- **Not be prejudiced by gender, age, caste, religion, or nationality.**
- **Use education as a tool for emancipation and empowerment of humanity**

**കേരളപഠനവിഭാഗം**

**കേരളസർവ്വകലാശാല**

**കാര്യവട്ടം**

# പി ജി പ്രോഗ്രാം

# എം എ മലയാളസാഹിത്യവും കേരളപഠനങ്ങളും

# സിലബസ്

**Learning Outcomes-based Curriculum Framework(LOCF)**

**Outcome -Based Education(OBE)**

**2024 പ്രവേശനം മുതൽ**

## പ്രോഗ്രാമിന്റെ ലക്ഷ്യം

കേരളത്തിന്റെ ഭാഷയും സാഹിത്യവും സംസ്കാരവും മാധ്യമങ്ങളും ഭാഷാസാങ്കേതികതയും സൂക്ഷ്മമായും വിവേചനബോധത്തോടെയും മനസ്സിലാക്കുകയും ലഭിക്കുന്ന അറിവിനെ സർഗാത്മകമായും പ്രായോഗികമായും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നതാണ് പ്രോഗ്രാമിന്റെ ലക്ഷ്യം. പുതിയ ജീവിതസമീപനങ്ങളും സാംസ്കാരിക പരിണാമങ്ങളും ഇപ്പറഞ്ഞ ഘടകങ്ങളെ ഏതുരീതിയിൽ ബാധിക്കുന്നുണ്ട്? അവ കേരളീയരുടെ ജീവിതബോധ്യങ്ങളുടെ പ്രതിഫലനമാണോ? കേരളത്തെയും മലയാളിയെയും സർഗാത്മകമായും പാരിസ്ഥിതികമായും പ്രായോഗികമായും ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ ഇവയിലുണ്ടോ? തുടങ്ങിയ ചോദ്യങ്ങൾ വിദ്യാർത്ഥികളിലുണ്ടാക്കുകയും അതിനുള്ള ഉത്തരങ്ങൾ കണ്ടെത്താൻ അവരെ സജ്ജമാക്കുകയും ചെയ്യുക എന്നതും പ്രോഗ്രാമിന്റെ ലക്ഷ്യമാണ്. പുതിയ തലമുറയെ സമകാലികജീവിതത്തിനോട് ക്രിയാത്മകമായി പ്രതികരിക്കുന്ന മനസ്സിനുടമകളാക്കുക എന്ന ആത്യന്തിക ലക്ഷ്യമാണ് ഇതിലൂടെ പ്രാവർത്തികമാകുന്നത്.

# പ്രോഗ്രാമിന്റെ പഠനപ്രയോജനങ്ങൾ
# Programme Specific Outcomes (PSO)

1. മലയാളസാഹിത്യം കേരളസാംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ പഠിക്കുക
2. കാലഘട്ടം സാഹിത്യത്തിലും മലയാളീബോധത്തിലും വരുത്തുന്ന മാറ്റങ്ങൾ പഠിക്കുക
3. കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ പരിണാമങ്ങൾ പഠിക്കുക.
4. കേരളീയജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിലെ വളർച്ച പഠിക്കുക
5.മലയാളമാധ്യമത്തിന്റെ വികസനചരിത്രം പഠിക്കുക
6.മാധ്യമങ്ങളുടെ പ്രായോഗികവശം പഠിക്കുക
7.ഭാഷയുടെ സാങ്കേതിക ഉപയോഗത്തിൽ പ്രാപ്തിനേടുക
8.തർജ്ജമയിൽ പ്രാവീണ്യം നേടുക
9.ആത്മവിശ്വാസത്തോടെ സംസാരിക്കുന്നതിനും പരീക്ഷകളിൽ പങ്കെടുക്കുന്നതിനും കഴിവുനേടുക
10.ജനജീവിതവും സാഹിത്യസൃഷ്ടികളും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യാൻ പ്രാപ്തിയുണ്ടാവുക
11.മാധ്യമങ്ങളും ഭാഷാസാങ്കേതികതയും സാംസ്കാരികബോധത്തെ സ്വാധീനിക്കുന്നത് വിശകലനം ചെയ്യാൻ കഴിവുണ്ടാവുക

## കോഴ്സുകൾ

| സെമസ്റ്റർ | കോഡ് | പേര് | ക്രഡിറ്റ് |
|---|---|---|---|
| ഒന്ന് | DKS-CC-511 | പാട്ടുമുതൽ പച്ചമലയാളം വരെ | 4 |
| | DKS-CC-512 | വ്യാകരണം | 4 |
| | DKS-CC-513 | കേരളപഠനം ആധുനികപൂർവകാലം | 4 |
| രണ്ട് | DKS-CC-521 | മലയാളസാഹിത്യം കാല്പനികത മുതൽ പൂർവ്വാധുനികതവരെ | 4 |
| | DKS-CC-522 | ഭാഷാശാസ്ത്രം | 4 |
| | DKS-CC-523 | കേരളപഠനം ആധുനികകാലം | 4 |
| | DKS-CC-524 | ഭാരതീയകാവ്യദർശനങ്ങൾ | 4 |
| | DKS-CC-525 | ഗവേഷണരീതിശാസ്ത്രം | 3 |
| മൂന്ന് | DKS-CC-531 | കേരളീയദൃശ്യശില്പകലകൾ | 4 |
| | DKS-CC-532 | മലയാളമാധ്യമം ചരിത്രവും സംസ്കാരവും | 4 |
| | DKS-CC-533 | മലയാളസാഹിത്യം ആധുനികതമുതൽ | 4 |
| | DKS-CC-534 | മലയാളനിരൂപണം | 3 |
| | DKS-CC-535 | വിവർത്തനപഠനങ്ങൾ | 3 |
| നാല് | DKS-CC-541 | ജനസഞ്ചയസംസ്കാരം | 3 |
| | DKS-CC-542 | മാധ്യമപഠനം പ്രായോഗികതലം | 3 |
| | DKS-CC-543 | പ്രബന്ധം/പ്രായോഗികപ്രവർത്തനം | 4 |
| സ്കിൽ എൻഹാൻസ്മെന്റ് കോഴ്സ് | | | |
| ഒന്ന് | DKS-SEC -514 | ഭാഷയും സാങ്കേതികജ്ഞാനവും | 3 |
| ഡിപ്പാർട്ട്മെന്റ് സ്പെസിഫിക് ഇലക്ടീവ് | | | |
| ഒന്ന് | DKS- DE -515(1) | സാഹിത്യപഠനവും സമൂഹനിർമ്മിതിയും | 2 |
| | DKS-DE-515(2) | പ്രവാസാനുഭവവും സാഹിത്യനിർമ്മിതിയും | 2 |
| നാല് | DKS-DE-544(1) | മലയാള നാടകവും ചലച്ചിത്രവും | 2 |
| | DKS-DE-544(2) | ദർശനങ്ങളും സിദ്ധാന്തങ്ങളും | 2 |
| ജനറിക് കോഴ്സുകൾ | | | |
| | DKS-GC-501 | പരിസ്ഥിതിസൗന്ദര്യബോധവും സാഹിത്യവും | 2 |
| | DKS-GC-502 | മലയാളഭാഷാഘടനയും പ്രയോഗസൂക്ഷ്മതകളും | 2 |
| | DKS-GC-503 | ഡോക്യുമെന്ററി: കാഴ്ചയും ആസ്വാദനവും | 2 |
| | DKS-GC-504 | സിനിമ :ചരിത്രം - കാഴ്ച | 2 |

# സെമസ്റ്റർ ഒന്ന്

# DKS -CC -511 പാട്ടുമുതൽ പച്ചമലയാളം വരെ
## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

മലയാളസാഹിത്യത്തിന്റെ പ്രാരംഭം മുതൽ ഇരുപതാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിലെ പ്രധാന സവിശേഷതകൾ പഠിക്കുകയും കാലഘട്ടവുമായി മലയാളസാഹിത്യം സംവദിക്കുന്നത് എങ്ങനെയെല്ലാം എന്ന് വിലയിരുത്തുകയും ചെയ്യുകയാണ് കോഴ്സിന്റെ ലക്ഷ്യം.

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01.മലയാളസാഹിത്യത്തിന്റെ പ്രാചീനസ്വഭാവങ്ങൾ പഠിക്കുന്നു.
02.കാലക്രമത്തിൽ സാഹിത്യത്തിനുണ്ടായ പരിണാമം മനസ്സിലാക്കുന്നു.
03.ഭാഷയിലും ഇതിവൃത്തത്തിലും വന്ന പരിണാമം തിരിച്ചറിയുന്നു.
04.സാഹിത്യത്തിൽ പ്രതിഫലിക്കുന്ന സാംസ്കാരികസൂചനകൾ പഠിക്കുന്നു.
05.സാഹിത്യവും ജനതയും ഏതൊക്കെരീതിയിൽ ബന്ധപ്പെടുന്നുവെന്ന് മനസ്സിലാക്കുന്നു.
06.പ്രാചിനകേരളീയസമൂഹത്തിന്റെ ജീവിതമുഖങ്ങൾ കൃതികളിൽ പ്രതിഫലിക്കുന്നത് എങ്ങനെയെന്ന് കണ്ടെത്തുന്നു.

**മൊഡ്യൂൾ ഒന്ന്**

പാട്ട് - നിർവ്വചനം - കൃതികളുണ്ടായ കാലഘട്ടത്തിലെ സമൂഹവുമായി പാട്ടിനുള്ള ബന്ധം- ആദ്യ കാലകൃതികൾ – പിന്നീടുണ്ടായ കണ്ണശ്ശക്കൃതികൾ-പാട്ടിന് ഭാഷാ പരമായി കണ്ണശ്ശനിൽ വന്ന മാറ്റം- ഗാഥ--പാട്ടും കൃഷ്ണ ഗാഥയും തമ്മിലുള്ള താരത മ്യം- കിളിപ്പാട്ടുപ്രസ്ഥാനം- എഴുത്തച്ഛന്റെ കൃതികൾ- ഭാഷയിലും ഇതിവൃത്തത്തിലും എഴുത്തച്ഛൻ നടത്തിയ ഇടപെടലുകൾ- സാംസ്കാരി കമായി എഴുത്തച്ഛനെടുത്ത നില പാടുകൾ

**വിശദപഠനം**

1.രാമചരിതം പടലം അഞ്ച്
2.കണ്ണശ്ശരാമായണം ബാലകാണ്ഡം ആദ്യത്ത 24 പാട്ടുകൾ
3.അദ്ധ്യാത്മരാമായണം അരണ്യകാണ്ഡത്തിലെ ആഗസ്ത്യദർശനം മുതൽ ലക്ഷ്മണോപദേശം വരെയുള്ള ഭാഗങ്ങൾ

**മൊഡ്യൂൾ രണ്ട്**

മണിപ്രവാളം-നിർവ്വചനം- മണിപ്രവാളകൃതികളും സാമൂഹികസാഹചര്യങ്ങളും- ആദ്യകാല ചമ്പുക്കളുടെ സവിശേഷതകൾ- സന്ദേശകാവ്യങ്ങളുടെ സ്വഭാവം - പ്രധാനസന്ദേശകാവ്യങ്ങൾ- മധ്യകാല ചമ്പുക്കൾ- ഇതിവൃത്തത്തിലും ഭാഷയിലും വന്നമാറ്റം- പ്രാചീമധ്യകാലചമ്പു ക്കളുടെ താരതമ്യം-ചമ്പുക്കളിൽ തെളിയുന്ന കേരളീയസാംസ്കാരികസൂചനകൾ

**വിശദപഠനം**

1.ഉണ്ണിയാടിചരിതം- മറ്റം വർണ്ണന
2.ഉണ്ണുനീലി സന്ദേശം പൂർവ്വഭാഗം ആദ്യത്തെ 15 ശ്ലോകങ്ങൾ
3.ഭാഷാരാമായണം ചമ്പു -രാവണോദ്ഭത്തിൽ രാവണജനനം വരെയുള്ള ഭാഗങ്ങൾ

**മൊഡ്യൂൾ മൂന്ന്**

ആട്ടക്കഥയും തുള്ളൽ സാഹിത്യവും മലയാളത്തിന്റെ കാവ്യഘടനയിലും സമീപന ത്തിലും വരുത്തിയ മാറ്റങ്ങൾ- പ്രധാനപ്പെട്ട ആട്ടക്കഥകൾ- സാഹിത്യസൃഷ്ടി എന്ന നിലയിൽ

നളചരിതത്തിനുള്ള സ്ഥാനം- തുള്ളൽ സാഹിത്യം ഭാഷയിൽ നടത്തിയ പരിഷ്കരണം- പ്രധാനപ്പെട്ട തുള്ളൽ കൃതികൾ-ആട്ടക്കഥകളും തുള്ളലുകളും ലക്ഷ്യമാ ക്കുന്ന സമൂഹം

**വിശദപഠനം**

1. സഭാപ്രവേശം തുള്ളൽ

2. നളചരിതം നാലാം ദിവസം

**മൊഡ്യൂൾ നാല്**

മലയാളഗദ്യത്തിന്റെ ആദ്യകാലസ്വഭാവം- ശാസനം,ബ്രഹ്മാണ്ഡപുരാണം തുടങ്ങിയ ആദ്യ കാലഗദ്യ രചനകൾ- ഗദ്യരചനയിൽ മിഷണറിമാരുടെ സംഭാവന- ആധുനിക ഗദ്യത്തിന്റെ ഉദയവും പരിണാമവും

**വിശദപഠനം**

1.വാഴപ്പള്ളിശാസനം

**മൊഡ്യൂൾ അഞ്ച്**

മലയാളസാഹിത്യം പുതുമയിലേക്ക്- ഭാഷയുടെയും സംസ്കാരത്തിന്റെയും പരിണാമ വും സാഹിത്യചലനങ്ങളും- കേരളവർമ്മപ്രസ്ഥാനവും വെൺമണിപ്രസ്ഥാനവും-പച്ച മലയാള പ്രസ്ഥാനത്തിന്റെ പ്രസക്തിയും സാധ്യതയും

**വിശദപഠനം**

1.ശാകുന്തളംഒന്നാം അങ്കം (എ ആറിന്റെ തർജ്ജമ )

2.നല്ലഭാഷ-കുഞ്ഞിക്കുട്ടൻ തമ്പുരാൻ

**മൊഡ്യൂൾ ആറ്**

മലയാളത്തിന്റെ നിയോക്ലാസിക് സാഹിത്യം- മഹാകാവ്യങ്ങളുടെ നിർവചനം- മല യാളത്തിലെ പ്രധാനപ്പെട്ട മഹാകാവ്യങ്ങൾ-മുക്തകങ്ങളുടെ സ്വഭാവം- പ്രധാനപ്പെട്ട മുക്തകങ്ങൾ

**സഹായഗ്രന്ഥങ്ങൾ**

1.മലയാളഭാഷാചരിത്രം - പി. ഗോവിന്ദപ്പിള്ള, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാ ശാല, തിരൂർ, 2017

2.കേരളസാഹിത്യചരിത്രം - ഉള്ളൂർ എസ്. പരമേശ്വരയ്യർ, കേരളസർവകലാശാല, തിരു വനന്തപുരം, 2020

3.കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള, എസ്.പി.സി.എസ്., കോട്ടയം, 1992

4.സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ - (എഡി.) കെ.എം. ജോർജ്ജ്, എസ്.പി.സി. എസ് , കോട്ടയം, 1998

5.മലയാളകവിതാസാഹിത്യചരിത്രം - എം. ലീലാവതി, കേരളസാഹിത്യഅക്കാദമി, തൃ ശ്ശൂർ, 1980

6.മണിപ്രവാളകവിത - പി.വി. വേലായുധൻപിള്ള, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം, 1982

7.മലയാളസാഹിത്യചരിത്രം കൃഷ്ണഗാഥവരെ - പി.വി. വേലായുധൻപിള്ള, (വിത.) എൻ.ബി. എസ്., കോട്ടയം, 1989

8.ഗാഥ - എൻ. മുകുന്ദൻ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1985

9.കിളിപ്പാട്ട് - എൻ. മുകുന്ദൻ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1985

10ആധ്യാത്മികസാഹിത്യചരിത്രം - സി.കെ.ചന്ദ്രശേഖരൻനായർ, മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2021

11.ഭാഷാചമ്പുക്കൾ - ഉള്ളൂർ എസ്. പരമേശ്വരയ്യർ, ഉള്ളൂർ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1964

12.ആട്ടക്കഥാസാഹിത്യം - അയ്മനം കൃഷ്ണക്കൈമൾ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989

13.അറബിമലയാളസാഹിത്യചരിത്രം - ഒ. അബു, എസ്.പി.സി.എസ്., കോട്ടയം, 1970

14.മഹത്തായ മാപ്പിളസാഹിത്യപാരമ്പര്യം - സി.എൻ. അഹമ്മദ് മൗലവി, കെ.കെ.മുഹമ്മദ് അബ്ദുൽകരീം, (വിത.) അൽഹുദാ ബുക് സ്റ്റാൾ, കോഴിക്കോട്, 1978

15.നാടൻപാട്ടുകൾ മലയാളത്തിൽ - എം.വി. വിഷ്ണുനമ്പൂതിരി, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരു വനന്തപുരം, 2008

16.കേരളഭാഷാഗാനങ്ങൾ(ഒന്നാംഭാഗം) – (സമ്പാ.) ചിറയ്ക്കൽ ബാലകൃഷ്ണൻനായർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1993

17.വടക്കൻപാട്ടുകളുടെ പണിയാല - എം.ആർ. രാഘവവാര്യർ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1982

18.വടക്കൻപാട്ടുകൾ ഒരു പഠനം - എം.വി. വിഷ്ണുനമ്പൂതിരി, കറന്റ് ബുക്സ്(വിത.), തൃശ്ശൂർ, 1995

19.പാട്ടുപ്രസ്ഥാനം പ്രതിരോധവും സമന്വയവും – എസ്. രാജശേഖരൻ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം, 2005

20.പദ്യരത്നം - (സമാ.) പി.കെ. നാരായണപിള്ള, കേരളസർവ്വകലാശാല, തിരുവനന്തപുരം, 1982

21.രാമചരിതം (പഠനവും വ്യാഖ്യാനവും)–പി.വി.കൃഷ്ണൻനായർ, കേരളസാഹിത്യഅക്കാദമി, തൃശ്ശൂർ, 1979

22.രാമചരിതവും പ്രാചീനമലയാളവും - എൻ.ആർ. ഗോപിനാഥപിള്ള, (എൻ.ആർ.ഗോപിനാഥപിള്ള യുടെ കൃതികൾ-ഭാഗം 1), (സമ്പാ.) ലത വി. നായർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം, 2019

23.രാമചരിതപഠനത്തിന് ഒരാമുഖം – നടുവട്ടം ഗോപാലകൃഷ്ണൻ, കേരളസഹിത്യ അക്കാദമി, തൃശ്ശൂർ, 2012

24.തിരുനിഴൽമാല ഒരു പഠനം - എൻ. അജിത്കുമാർ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002

25.കണ്ണശ്ശരാമായണം – (വ്യാഖ്യാ.) പുതുശ്ശേരി രാമചന്ദ്രൻ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013

## DKS -CC- 512-വ്യാകരണം
## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

മലയാളഭാഷയുടെ തനിമയും സ്വത്വവും നിർണ്ണയിക്കുന്ന ഘടനവിശദമായി പഠിക്കുകയും അതിൽ കൃത്യതയാർന്ന ബോധ്യം ഉണ്ടാക്കുകയും ചെയ്യുക, ഭാഷയുടെ സമകാലികസ്വഭാവം മനസ്സിലാക്കുക എന്നിവയാണ് കോഴ്സിന്റെ ലക്ഷ്യം.

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01. മലയാളഭാഷാഘടന വ്യത്യസ്തമാകുന്നത് എങ്ങനെയെന്ന് മനസ്സിലാക്കുന്നു.
02.മലയാളത്തിലെ നാമം, ക്രിയ,വിശേഷണം എന്നീ ഘടകങ്ങളുടെ ഘടനയും പെരുമാറ്റസ്വഭാവവും മനസ്സിലാക്കുന്നു.
03. മലയാളവാക്യഘടനയിൽ ശ്രദ്ധിക്കേണ്ട വസ്തുതകൾ പഠിക്കുന്നു
04.മലയാളഭാഷയ്ക്ക് ദ്രാവിഡഗോത്രത്തിലെ സ്ഥാനം ഘടനാപരമായി തിരിച്ചറിയുന്നു.
05.എഴുത്തിലും സംഭാഷണത്തിലും ഭാഷപുലർത്തുന്ന സ്വഭാവം തിരിച്ചറിയുന്നു.
06. ഭാഷയുടെ സമകാലികമാറ്റങ്ങൾ തിരിച്ചറിയുന്നു

**മൊഡ്യൂൾ ഒന്ന്**

ദ്രാവിഡഗോത്രത്തിൽ മലയാളത്തിനുള്ള സവിശേഷതകൾ- ആറുനയങ്ങൾ-ലീലാതിലകം മുതൽ കേരളപാണിനീയം വരെയുള്ള പ്രധാനവ്യാകരണഗ്രന്ഥങ്ങൾ

**മൊഡ്യൂൾ രണ്ട്**

പ്രകൃതി-പ്രത്യയം-പദം- പദങ്ങൾ വരുന്ന വാക്യസ്ഥാനങ്ങളും പ്രയോഗരീതികളും-സന്ധിക്കും സമാസത്തിനും ഭാഷാഘടനയിലുള്ള പ്രസക്തി-ലോപം,ആഗമം,ദ്വിത്വം, ആദേശം എന്നീ സന്ധികളുടെ സാധുതയും പ്രയോഗവും - സമാസത്തിന്റെ പ്രത്യേകതകൾ-മലയാളത്തിലെ പ്രധാനപ്പെട്ട സമാസങ്ങളും അവയുടെ പ്രയോഗസാധ്യതകളും

**മൊഡ്യൂൾ മൂന്ന്**

നാമവും ക്രിയയും- ലിംഗം, വചനം, വിഭക്തി എന്നീപ്രത്യയങ്ങളും നാമപ്രകൃതികളിൽ അവയുടെ പെരുമാറ്റ സ്വഭാവവും- കാരകവും വിഭക്തിയും-വിഭക്ത്യർത്ഥം വരുന്ന ഇ തരഘടനകൾ- വിഭക്ത്യാഭാസം-കാലം- പ്രകാരം- പ്രയോഗം എന്നിവയ്ക്ക് ഭാഷാഘട നയിലെ പ്രസക്തി

**മൊഡ്യൂൾ നാല്**

ക്രിയാഘടന-കാലരൂപങ്ങൾ,പ്രത്യങ്ങൾ, പ്രകാരം,പ്രയോഗം,നിഷേധം എന്നിവയുടെ പ്രയോഗവും സവിശേഷതകളും

**മൊഡ്യൂൾ അഞ്ച്**

വിശേഷണങ്ങളുടെ പ്രയോഗം- നാമവിശേഷണങ്ങളുടെയും ക്രിയാവിശേഷണങ്ങ ളുടെയും സ്ഥാനവും സ്വഭാവവും-പേരെച്ചവും മറ്റ് നാമവിശേഷണങ്ങളും-വിനയെച്ചവും മറ്റ് ക്രിയാവിശേഷണങ്ങളും

**മൊഡ്യൂൾ ആറ്**

മലയാളവാക്യഘടന- വിവിധതരം വാക്യങ്ങൾ-ലഘുവാക്യം-മഹാവാക്യം-ആശ്ചര്യ വാക്യം-ചോദ്യവാക്യം തുടങ്ങിയവ-വിഭക്തികളും നിപാതങ്ങളും വാക്യത്തിൽ വരു മ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

<u>സഹായഗ്രന്ഥങ്ങൾ</u>

1. ലീലാതിലകം, ഇളംകുളം കുഞ്ഞൻപിള്ള,സാഹിത്യപ്രവർത്തകസഹകരണ സംഘം, കോട്ടയം
2. കേരളപാണിനീയം,എ.ആർ. രാജരാജവർമ്മ.സാഹിത്യപ്രവർത്തകസഹകരണ സംഘം,കോട്ടയം
3. മലയാളഭാഷാവ്യാകരണം, ഹെർമ്മൻ ഗുണ്ടർട്ട്.ഡി .സി ബുക്സ്,കോട്ടയം
4. മലയാഴ്മയുടെ വ്യാകരണം,ജോർജ്ജ് മാത്തൻ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം
5. വ്യാകരണമിത്രം , ശേഷഗിരിപ്രഭു,കേരളസാഹിത്യഅക്കാദമി,തൃശ്ശൂർ
6. കേരളപാണിനീയഭാഷ്യം,സി.എൽ. ആന്റണി,ഡി.സി.ബുക്സ്,കോട്ടയം
7. വ്യാകരണവിവേകം, .എൻ.എൻ.മൂസ്സത്,സാഹിത്യപ്രവർത്തകസഹകരണസംഘം ,കോട്ടയം
8.അന്വേഷണം,ഡോ.എൻ.ആർ.ഗോപിനാഥപിള്ള,സാഹിത്യപ്രവർത്തകസഹകരണ സംഘം,കോട്ടയം
9. കേരളഭാഷാവിജ്ഞായീയം,ഗോദവർമ്മ.കെ,കേരളസർവ്വകലാശാല,തിരുവനന്തപുരം
10.ദ്രാവിഡം. ചാറ്റർജി എസ്.കെ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം
11.വളരുന്ന കൈരളി,കെ.എം ജോർജ്ജ്, എൻ.ബി. എസ്,കോട്ടയം
12.വാക്യഘടന, ഇ വി എൻ നമ്പൂതിരി,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം
13.കേരളപാണിനീയം എന്ന മലയാളവ്യാകരണം,പുതുശ്ശേരി രാമചന്ദ്രൻ, എൻ.ബി. എസ് ,കോട്ടയം
14.കൈരളീ ശബ്ദാനുശാസനം - ഡോ.കെ.സുകുമാരപിള്ള,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം
15. മൊഴിയും പൊരുളും ,ഡോ.കെ.എം.പ്രഭാകരവാരിയർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം
16.പാഠവും പഠനവും. എൻ.ആർ.ഗോപിനാഥപിള്ള,ഡി.സി ബുക്സ്,കോട്ടയം
17.മലയാളം മാറ്റവും വളർച്ചയും,ഡോ.കെ.എം.പ്രഭാകരവാരിയർ.വള്ളത്തോൾ വിദ്യാപീഠം
18.ലിപികളുടെ ഉത്പത്തി,ഡോ.ജെ.കട്ടയ്ക്കൽ,എൻ.ബി. എസ്,കോട്ടയം
19.ഭാഷാലോകം,ടി.ബി.വേണഗോപാലപ്പണിക്കർ,ഡി.സി.ബുക്സ്,കോട്ടയം
20.പ്രാചീനമലയാളലിപിമാല പാഠവും പഠനവും, എമ്മാനുവൽ ആട്ടേൽ,കാർമ്മൽ പബ്ലീഷിംഗ് സെന്റർ
21.പൂർവ്വകേരളഭാഷ, കെ.എം.പ്രഭാകരവാരിർ,മദിരാശി സർവകലാശാല
22.മലയാളവ്യാകരണ ചരിത്രം, ഡോ. എൻ. രാജേന്ദ്രൻ,കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്,തിരുവവന്തപുരം
23.പാച്ചുമൂത്തതിന്റെ കേരളഭാഷാവ്യാകരണം, മദിരാശി സർവകലാശാല
24. ഭാഷാവലോകനം, ഡോ.കെ.എം.പ്രഭാകരവാരിയർ,വള്ളത്തോൾ വിദ്യാപീഠം
25. ഭാഷയും പഠനവും, പ്രൊഫ.വി. ഐ സുബ്രഹ്മണ്യം,കറന്റ്ബുക്സ്കോട്ടയം

26.മൊഴിയും പൊരുളും,ഡോ.കെ. എം പ്രഭാകരവാരിയർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം

27.മലയാളഭാഷാപഠനങ്ങൾ,(സമ്പാ),ഡോ.കെ. എം പ്രഭാകരവാരിയർ,ഡോ.പി. എൻ രവീന്ദ്രൻ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട,തിരുവനന്തപുരം

28.വാക്യവും ക്രിയയും മലയാളത്തിൽ, വി.കെ ഹരിഹരനുണ്ണിത്താൻ,വള്ളത്തോൾ വിദ്യാപീഠം

29.മലയാളവ്യാകരണം ചില വീണ്ടുവിചാരങ്ങൾ, ഡോ.പി.ടി ഏബ്രഹാം,താരതമ്യ പഠനസംഘം,ചങ്ങനാശ്ശേരി

**DKS -CC- 513 കേരളപഠനം ആധുനികപൂർവകാലം**
**ക്രഡിറ്റ്-4**

**കോഴ്സിന്റെ ലക്ഷ്യം**

കേരളസംസ്കാരത്തെ അടുത്തറിയുകയും അതുവഴി കേരളത്തിന്റെ സാംസ്കാരികാ ശംങ്ങളെ ഗവേഷണാത്മകമായി സമീപിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും ചെയ്യുക,വർത്തമാനകേരളീയസംസ്കാരത്തിന്റെ സൂക്ഷ്മവശങ്ങൾ തിരിച്ചറിയുക എന്നിവയാണ് കോഴ്സിന്റെ ലക്ഷ്യങ്ങൾ

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01. സാംസ്കാരിക ചരിത്രം എന്ന വിജ്ഞാനശാഖയെ പരിചയപ്പെടുക
02. കേവലചരിത്രവും സാംസ്കാരികചരിത്രവും തമ്മിലുള്ള വ്യത്യാസം മനസിലാക്കു ക
03. കേരളസംസ്കാരത്തിന്റെ സവിശേഷതകൾ മനസിലാക്കുക
04. ജാതിവ്യവസ്ഥയും കൊളോണിയൽ അധിനിവേശവും കേരളീയ സമൂഹത്തെ എങ്ങനെയാണ് ശ്രേണീബദ്ധമാക്കിയതെന്നു മനസിലാക്കുക.
05. മിത്ത്, ഐതിഹ്യം എന്നിവയെ ചരിത്രാത്മകമായി വിശകലനം ചെയ്യുന്നതിനു പ്രാപ്തി നേടുക.
06. വർത്തമാനകേരളീയ സംസ്കാരത്തെ സൂക്ഷ്മമായി വിശകലനം ചെയ്യാൻ പ്രാപ്തിയുണ്ടാവുക.

**മൊഡ്യൂൾ ഒന്ന്**

സാംസ്കാരിക ചരിത്രം - കേരളത്തിന്റ സാംസ്കാരിക ചരിത്രം-അടിസ്ഥാനവ സ്തുതകൾ (ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വ്യത്യസ്ത ജനങ്ങളുടെ കലർപ്പുകൾ)-കേരളസംസ്കാരിക ചരിത്രത്തിന്റെ നിർമ്മിതി -ഉപാദാനസാമഗ്രികൾ (ഇതിഹാ സങ്ങളിലെ പരാമർശങ്ങൾ, സാഹിത്യകൃതികൾ, പഴമ്പാട്ടുകൾ, നാണയങ്ങൾ, സ്ഥ ലനാമങ്ങൾ, വിദേശികളുടെ വിവരണങ്ങൾ, മിത്തുകൾ, ഐതിഹ്യങ്ങൾ) പരശുരാ മൻ, മഹാബലി എന്നീ ഐതിഹ്യങ്ങളുടെ അപഗ്രഥനം-ചട്ടമ്പിസ്വാമികളുടെ നിഗമനങ്ങൾ

**മൊഡ്യൂൾ രണ്ട്**

കേരളത്തിലെ ആദിമനിവാസികൾ-അവരുടെ ജീവിതം-ദ്രാവിഡരുടെ ആഗമനം-ദ്രാവിഡ സംസ്കാരത്തിന്റെ സവിശേഷതകൾ-സമൂഹരൂപീകരണം

**മൊഡ്യൂൾ മൂന്ന്**

സംഘകാലത്തെ കേരളം-സാമൂഹിക ജീവിതം-സാഹിത്യം-ഗോത്രത്തിൽനിന്ന് ഭരണകൂടത്തിലേക്ക്-മൂവേന്ദ്രർ-ചേരസാമ്രാജ്യം-സംഘകാലത്തെ ജനജീവിതം-സംഘകാലത്തെ വിദേശ ബന്ധവും സാമൂഹിക പരിണാമവും.

**മൊഡ്യൂൾ നാല്**

ബുദ്ധമതം-ജൈനമതം-ഇസ്ലാംമതം-ക്രിസ്തുമതം-ഹിന്ദുമതം-ആര്യാധിനിവേശം-ശൈവ വൈഷ്ണ വിഭാഗങ്ങൾ-ഹിന്ദുമതത്തിന്റെ ആധുനികീകരണവും ശങ്കരാചാര്യരും-ജാതിവ്യവസ്ഥയും ബ്രാഹ്മണാധിപത്യവും

**മൊഡ്യൂൾ അഞ്ച്**

നാടുവാഴിത്തത്തിന്റെ ആവിർഭാവം-നാട്ടുരാജ്യങ്ങളുടെ രൂപപ്പെടൽ-ഫ്യൂഡൽ സാമൂഹിക ജീവിതം-ഭരണസംവിധാനം-സാമ്പത്തികവ്യവസ്ഥ-ആചാരങ്ങൾ-ദായക്രമം-കുടുംബഘടന.

**മൊഡ്യൂൾ ആറ്**

പോർട്ടുഗീസ് അധിനിവേശം-കേരളത്തിലെസാമൂഹിക-സാംസ്കാരിക മണ്ഡലത്തിലുള വാക്കി യ പരിവർത്തനം-പോർട്ടുഗീസ് അധിനിവേശം ജാതിഘടനയിലുണ്ടാക്കിയ പരി വർത്തനം-ഉദയംപേരൂർ സൂനഹദോസും കൂനൻ കുരിശുസത്യവും-ഭക്തിപ്രസ്ഥാനം.

**സഹായകഗ്രന്ഥങ്ങൾ**

01. കേരളത്തിന്റെ സാംസ്കാരിക ചരിത്രം-ഡോ. പി.കെ. ഗോപാലകൃഷ്ണൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം-2022

02. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം-പി. ഭാസ്കരനുണ്ണി, കേരളസാഹിത്യ അക്കാദമി- 2022

03. കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ-പി. ഭാസ്കരനുണ്ണി-കേരള സാഹിത്യ അക്കാദമി, 2023

04. ജാതിവ്യവസ്ഥയും കേരളചരിത്രവും-പി.കെ. ബാലകൃഷ്ണൻ-ഡി.സി. ബുക്സ് കോട്ട യം, 2023

05. ജാതിസമ്പ്രദായം കേരളത്തിൽ-ഇളംകുളംകുഞ്ഞൻപിള്ള, എൻ ബി എസ് കോട്ട യം

06. കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ-ഇളംകുളം കുഞ്ഞൻപിള്ള,എൻ ബി എസ് കോട്ടയം

07. കേരളം: മലയാളികളുടെ മാതൃഭൂമി-ഇ.എം.എസ്. , ചിന്ത പബ്ലിഷേഴ്സ്, 2023

08. കേരളസംസ്കാരം-എ. ശ്രീധരമേനോൻ, ഡി.സി. ബുക്സ്, 2022

09. കേരളത്തിന്റെ ഇന്നലെകൾ-കെ.എൻ. ഗണേശ്, ഭാഷാ ഇൻസ്റ്റിറ്റിയൂട്ട്, 2019

10. കേരളചരിത്രം-രാഘവവാര്യർ, രാജൻ ഗുരുക്കൾ.വള്ളത്തോൾ വിദ്യാപീഠം, ശുക പുരം, 2006

11. സഞ്ചാരികൾ കണ്ട കേരളം-വേലായുധൻ പണിക്കശേരി, കാലിക്കട്ട് സർവ്വക ലാശാല, 2001.

12.ചട്ടമ്പിസ്വാമി പഠനങ്ങൾ-എ.എം. ഉണ്ണിക്കൃഷ്ണൻ,ഡി.സി.ബുക്ക്സ്,കോട്ടയം

# സെമസ്റ്റർ രണ്ട്

# DKS- CC- 521 മലയാളസാഹിത്യം കാല്പനികതമുതൽ പൂർവ്വാധുനികതവരെ
## ക്രഡിറ്റ് -4

**കോഴ്സിന്റെ ലക്ഷ്യം**

മലയാളസാഹിത്യത്തിന്റെ കാല്പനികതപ്രസ്ഥാനം മുതൽ ആധുനികതയ്ക്കുമുമ്പ് വരെയുള്ള പരിവർത്തനം മനസ്സിലാക്കുകയും ഓരോ ജനുസിന്റെയും സവിശേഷതകൾ പഠിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം.

**കോഴ്സന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ സാഹിത്യത്തിനുണ്ടായ മാറ്റം പഠിക്കുന്നു.
02.കാല്പനികതപ്രസ്ഥാനത്തിന്റെ അടിസ്ഥാനസ്വഭാവങ്ങൾ മലയാളത്തിൽ എങ്ങനെ കാണുന്നു എന്ന് മനസ്സിലാക്കുന്നു.
03.കാല്പനികതയ്ക്കുശേഷമുള്ള സാഹിത്യപരിണാമത്തിന്റെ കാരണങ്ങൾ പഠിക്കുന്നു.
04. ആധുനികതയിലേക്കുള്ള പരിണാമത്തിന്റെ ചലനങ്ങൾ മനസ്സിലാക്കുന്നു.
05.സാഹിത്യത്തിന്റെ പരിണാമവും കേരളത്തിന്റെ സാംസ്കാരികപരിണാമവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.
06.സാഹിത്യം അതുണ്ടായ കാലഘട്ടത്തിലെ മലയാളിയെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്ന് തിരിച്ചറിയുന്നു.

**മൊഡ്യൂൾ ഒന്ന്.**

കാല്പനികതയുടെ ആദ്യഘട്ടം-നവോത്ഥാന ആശയങ്ങളുടെ പ്രവേശനം- കവിതയിൽ സാമൂഹിക മാറ്റം നടത്തിയ ഇടപെടലുകൾ- മലയാളകവിതയിൽ നവോത്ഥാനം വരുത്തിയ മാറ്റം- ആദ്യകാലപ്രവണതകൾ- സാമൂഹികനവോത്ഥാനത്തിന്റെ അനുരണനം മലയാളകവിതയിൽ-നവോത്ഥാ നകാലഘട്ടത്തിലെ കവികൾ- രചനകളും സവിശേഷതകളും-ദേശീയസങ്കല്പം-പ്രാദേശികസാമൂ ഹികസാമുദായിക ധാരണകളിലുണ്ടായ പരിണാമം.

**വിശദപഠനം**

1. പ്രേമസംഗീതം- ഉള്ളൂർ എസ് പരമേശ്വര അയ്യർ
2.മാപ്പ്- വള്ളത്തോൾ നാരായണമേനോൻ

**മൊഡ്യൂൾ രണ്ട്.**

മലയാളകഥാസാഹിത്യത്തിന്റെ പ്രാരംഭം- കഥ എന്ന ഗദ്യസാഹിത്യത്തിന്റെ വരവും നവോത്ഥാനവും-ആദ്യകാലകഥാപ്രവണതകൾ – ഇതിവൃത്തം, ആഖ്യാനം എന്നിവയുടെ സവിശേഷതകൾ

**വിശദപഠനം**

1.നമ്പ്യാരുടെ രഹസ്യം- ബി.കല്യാണിയമ്മ
2. ദ്വാരക-വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ

**മൊഡ്യൂൾ മൂന്ന്**

നോവൽ സാഹിത്യത്തിന്റെ ഉദയം- ആദ്യകാലനോവലുകൾ- ഇതിവൃത്തം, ആഖ്യാനം എന്നിവയുടെ സ്വഭാവം- ആദ്യകാലനോവലുകളും അവയുടെ സ്വഭാവവും-ആഖ്യാന വൈവിധ്യം

**വിശദപഠനം**

1. സരസ്വതീവിജയം-പോത്തേരി കുഞ്ഞമ്പു

2.മാർത്താണ്ഡവർമ്മ- സി വി രാമൻ പിള്ള

**മൊഡ്യൂൾ നാല്.**

കവിതയിൽകാല്പനികത വരുത്തിയ മാറ്റം- കാല്പനികപരിണാമം-പ്രമേയത്തിലും ആഖ്യാനത്തിലും വന്ന വ്യതിയാനം- സാമൂഹികപ്രശ്നങ്ങളും കവിതയും

**വിശദപഠനം**

1.സഹ്യന്റെ മകൻ -വൈലോപ്പിള്ളി ശ്രീധരമേനോൻ

2.മഴവിന്റെ കഥ- ബാലാമണിയമ്മ

3.ആദിവാസിസാക്ഷരത- സുഗതകുമാരി

4. കാടിന്റെ വിളി-വിഷ്ണുനാരായണൻ നമ്പൂതിരി

5.കണ്ണടകളഞ്ഞപ്പോൾ-പുതുശ്ശേരി രാമചന്ദ്രൻ

**മൊഡ്യൂൾ അഞ്ച്**

കഥയുടെ പരിണാമം- ആഖ്യാനത്തിലും പ്രമേയസ്വീകരണത്തിലും വന്ന മാറ്റം-പ്രധാനപ്പെട്ട എഴുത്തുകാരും കൃതികളും-ആഖ്യാനസവിശേഷതകൾ

**വിശദപഠനം**

1.മകൾ-രാജലക്ഷ്മി

2.വലിയൊരാൾ വരുന്നു-വി കെ എൻ

**മൊഡ്യൂൾ ആറ്.**

നോവലിന്റെ പരിണാമം- പ്രമേയത്തിലും ആഖ്യാനത്തിലും വന്ന വ്യതിയാനം- യാഥാർത്ഥ്യ ചിത്രീകരണത്തിന്റെ വഴികൾ- പ്രാന്തവത്കൃതദേശങ്ങളുടെയും വിഭാഗങ്ങളുടെയും കടന്നുവരവ്- പ്രധാനപ്പെട്ട എഴുത്തുകാർ-പ്രധാനപ്പെട്ട നോവലുകൾ

**വിശദപഠനം**

1. ചെമ്മീൻ-തകഴി

2. വിഷകന്യക- എസ്.കെ. പൊറ്റക്കാട്.

**സഹായകഗ്രന്ഥങ്ങൾ.**

1.നോവൽപ്രശ്നങ്ങളും പഠനങ്ങളും-എം.അച്യുതൻ,എസ് പി സി എസ് , കോട്ടയം

2.നോവൽ സാഹിത്യ-എം പി പോൾ,എസ് പി സി എസ് , കോട്ടയം

3.നോവൽ സാഹിത്യപഠനങ്ങൾ-ഡോ.ഡി.ബഞ്ചമിൻ,എസ് പി സി എസ് , കോട്ടയം

4.മലയാളനോവലിന്റെ അടിവേരുകൾ-ഉമ്പമണ് തോമസ്,എസ് പി സി എസ്,കോട്ടയം

5.മാറുന്ന മലയാള നോവൽ-കെ പി അപ്പൻ,ഡി സി ബുക്സ്, കോട്ടയം.

6.ആധുനിക നോവൽ ദർശനം-കെ എം തരകൻ,കേരളസാഹിത്യഅക്കാദമി.

7നോവൽ ബോധവും പ്രതിബോധവും-പി.കെ രാജശേഖരൻ&ആർ.പി.ആസാദ്,ഡി സി ബുക്സ്, കോട്ടയം.

8.ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ-ഡോ.സി.ആർ.പ്രസാദ്, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്.

9.നോവൽ വായനകൾ-വി.സി.ശ്രീജൻ,ഡി സി ബുക്സ്, കോട്ടയം

10.ദേശീയതയും സാഹിത്യവും-ഈ വി രാമകൃഷ്ണൻ,ഡി സി ബുക്സ്,കോട്ടയം.

11.ചെറുകഥ ഇന്നലെ ഇന്ന്-എം അച്യുതൻ,ഡി സി ബുക്സ് ,കോട്ടയം

12.നവീനകഥ-എം എം ബഷീർ,ഡി സി ബുക്സ്, കോട്ടയം

13.മലയാളചെറുകാഥാസാഹിത്യ ചരിത്രം-ഡോ എം എം ബഷീർ, കേരളസാഹിത്യഅക്കാദമി.
14.കഥയും ഫാന്റസിയും-വത്സലൻ വാതുശ്ശേരി,കറന്റ് ബുക്സ്,കോട്ടയം.
15.ചെറുകഥ വാക്കും വഴിയും-കെ എസ് രവികുമാർ,കറന്റ് ബുക്സ്,കോട്ടയം.
16. ആഗോളീകരണവും മലയാളചെറുകഥയും-എം എ സിദ്ദീഖ്,കേരളസർവകലാശാല.
17.പെൺ വിനിമയങ്ങൾ-ശാരദക്കുട്ടി,ഡി സി ബുക്സ് ,കോട്ടയം
18.കഥകളിലെ കേരളീയത-ഇ എം അഷറഫ്,മൾബറി, കോഴിക്കോട്.
19.ദലിത് സൌന്ദര്യശാസ്ത്രം- പ്രദീപൻ പാമ്പിരിക്കുന്ന്,ഡി സി ബുക്സ് ,കോട്ടയം
20.സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ,എഡി: ഡോ.കെ.എം.ജോർജ്ജ്, എസ്.പി.സി.എസ്.കോട്ടയം.
21.കവിതാസാഹിത്യചരിത്രം,ഡോ.എം.ലീലാവതി, കേരളസാഹിത്യഅക്കാദമി.തൃശ്ശൂർ.
22.അർണ്ണോസ് പാതിരിയുടെ കാവ്യങ്ങൾ,ഡോ.എൻ.സാം,.ഡോ.കുര്യാസ് കുമ്പളക്കുഴി, ഡോ.ഡി.ബഞ്ചമിൻ, കറന്റ് ബുക്സ്, കോട്ടയം.
23.മലയാളനാടകസാഹിത്യചരിത്രം,ജി.ശങ്കരപ്പിള്ള,കേരളസാഹിത്യഅക്കാദമി.തൃശ്ശൂർ.
24.മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ,ഡോ.ജോർജ്ജ് ഇരുമ്പയം. എൻ ബി എസ്, കോട്ടയം.
25. മലയാളനോവലും ദേശീയതയും , എം ആർ.മഹേഷ്, കേരളസർവകലാശാല
26.നിയോക്ലാസിസിസം-പ്രൊഫ.പന്മനരാമചന്ദ്രൻ നായർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
27.പച്ചമലയാളം കൃതികളും പഠനവും-ഡോ.കെ.പ്രശോഭൻ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
28.കാല്പനികത-ബി.ഹൃദയകുമാരി,മാതൃഭൂമി ബുക്സ്.
29.കവിയും കവിതയും - പി നാരായണക്കുറുപ്പ്, സാഹിത്യപ്രവർത്തകസഹകരണസംഘം.
30.100 വർഷം 100 കവിത- ഡോ.പി.കെ.രാജശേഖരൻ,ഡിസിബുക്സ്
31.ആധുനികത മലയാളകവിതയിൽ-എൻ അജയകുമാർ,എസ് പി സി എസ്, കോട്ടയം
32.മലയാളകവിത ആധുനികാനന്തരം- ഡോ.സി.ആർ.പ്രസാദ്.റെയിൻബോ ബുക്സ്, ചെങ്ങന്നൂർ

## DKS- CC- 522-ഭാഷാശാസ്ത്രം
## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

പാരമ്പര്യഭാഷാപഗ്രഥനത്തിൽ നിന്നു വ്യത്യസ്തമായി ഭാഷാപഠനം എത്തിച്ചേർന്നിട്ടുള്ള മേഖലകളും രീതികളും പഠിക്കുക,ഭാഷയ്ക്ക് ഇതരവിജ്ഞാനമേഖലകളുമായുള്ള ബന്ധം ഇതിലൂടെ മനസ്സിലാക്കിയെടുത്ത് ഭാഷാപഠനം വിജ്ഞാനബോധത്തിനുള്ള അടിസ്ഥാനപടവാണ് എന്ന് ബോധ്യപ്പെടുത്തുക എന്നിവ കോഴ്സിന്റെ ലക്ഷ്യങ്ങളാണ്.

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01.ഭാഷയെ പാരമ്പര്യരീതിയിൽ നിന്ന് വ്യത്യസ്തമായി പുതിയരീതിയിൽ മനസ്സിലാക്കുക.
02.ഭാഷാപഠനത്തിന്റെ വ്യത്യസ്തസാധ്യതകൾ തിരിച്ചറിയുന്നു.
03.ഭാഷയും ഇതര വിജ്ഞാനശാഖകളും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു.
04.വിവരസാങ്കേതികരംഗത്ത് ഭാഷയുടെ സാധ്യതകൾ മനസ്സിലാക്കുന്നു.
05.ഭാഷ പരിസ്ഥിതിയും ജനസംസ്കാരവുമായി എങ്ങനെ ബന്ധപ്പെടുന്നുവെന്ന് തിരിച്ചറിയുന്നു.
06.വർത്തമാന മലയാളത്തെ ഭാഷാശാസ്ത്രസമീപനമനുസരിച്ച് വിശകലനം ചെയ്യാൻ പ്രാപ്തിനേടുന്നു.

**മൊഡ്യൂൾ ഒന്ന്**

ആശയവിനിമയം- വിവിധമാർഗങ്ങൾ,ചിഹ്നം,നിറം,ആംഗ്യം,ശബ്ദം-മനുഷ്യഭാഷയുടെ സവിശേഷത-ഭാഷയുടെ നിർവ്വചനം-ആശയവിനിമയ പ്രക്രിയ - ഭാഷയും അധികാരവും–ഭാഷയും തൊഴിലും

**മൊഡ്യൂൾ രണ്ട്**

ഭാഷാശാസ്ത്രവും വ്യാകരണവും തമ്മിലുള്ള വ്യത്യാസം - ഫിലോളജിയും ഭാഷാശാസ്ത്രവും – ഭാരതീയഭാഷാപഠനവഴികൾ- യൂറോപ്യൻ ഭാഷാപഠന പദ്ധതികൾ – ഭാഷാവർഗീകരണം- ആനുവംശികം -കക്ഷ്യാപരം.

**മൊഡ്യൂൾ മൂന്ന്**

ഉച്ചാരണാവയവങ്ങൾ - സ്വര-വ്യഞ്ജനവർഗ്ഗീകരണം -സ്വനിമവിജ്ഞാനം -സ്വനം, സ്വനിമം, ഉപസ്വനം -സ്വനിമനിർണ്ണയനം-രൂപവിജ്ഞാനം

**മൊഡ്യൂൾ നാല്**

അർത്ഥവിജ്ഞാനം-അർത്ഥം – സൂചിതം, ലാക്ഷണികം, സാമൂഹികം, സാങ്കേതികം, ആലങ്കാരികം -അർത്ഥപരിണാമം - വിഭാഗങ്ങൾ, കാരണങ്ങൾ
വാക്യവിജ്ഞാനം -ഘടനാത്മകസമീപനം - ചോംസ്കിയൻ ഭാഷാപഠനസമീപനം

**മൊഡ്യൂൾഅഞ്ച്**

ഭാഷാഭേദവിജ്ഞാനം-ഭാഷാഭേദത്തിന്റെ അടിസ്ഥാനം - പഠനരീതി - ഭാഷാഭേദസിദ്ധാന്തങ്ങൾ - ഭാഷാഭേദഭൂപടം - ഭാഷാപരിണാമം - പരിണാമ ഹേതുക്കൾ

**മൊഡ്യൂൾ ആറ്**

നവീനഭാഷാശാസ്ത്രപഠനമേഖലകൾ -മനോഭാഷാശാസ്ത്രം - വംശീയഭാഷാശാസ്ത്രം - പാരിസ്ഥിതികഭാഷാശാസ്ത്രം - ധൈഷണികഭാഷാശാസ്ത്രം - ന്യൂറോഭാഷാശാസ്ത്രം - കമ്പ്യൂട്ടർഭാഷാശാസ്ത്രം - ഫോറൻസിക് ഭാഷാശാസ്ത്രം - ഭാഷാശാസ്ത്രവും ഇതര വിജ്ഞാനമേഖലകളും.

**സഹായകഗ്രന്ഥങ്ങൾ**

1. ഭാഷാശാസ്ത്രവിവേകം - ഡോ.കെ.എം. പ്രഭാകരവാര്യർ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം - 2002
2. ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ - ഡോ.വി.ആർ. പ്രബോധചന്ദ്രൻനായർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009
3. ആധുനികഭാഷാശാസ്ത്രം - ഡോ.കെ.എം. പ്രഭാകരവാര്യർ, ശാന്ത അഗസ്റ്റിൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്- 1994
4. ഭാഷയും മനശ്ശാസ്ത്രവും - ഡോ.കെ.എം. പ്രഭാകരവാര്യർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1978
5. ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം - ആനന്ദൻ കെ.എൻ. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്- 2003
6. ഭാഷാർത്ഥം - ടി.ബി.വേണുഗോപാലപ്പണിക്കർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1997
7. ദ്രാവിഡഭാഷകൾ - ആന്ദ്രനോവ് എം.എസ്,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1976
8. സ്വനവിജ്ഞാനം - ഡോ. വി.ആർ പ്രബോധചന്ദ്രൻ നായർ - 1980
9. സ്വനിമവിജ്ഞാനം - ഡോ.കെ.എം. പ്രഭാകരവാര്യർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1983.
10. സാമൂഹികഭാഷാവിജ്ഞാനം - ഉഷാനമ്പൂതിരിപ്പാട്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994 .
11. ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ - ഡോ.സി.ആർ. പ്രസാദ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2010
12. ഭാഷയും ഭാഷാശാസ്ത്രവും - രവിശങ്കർ എസ്. നായർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2020,
13. ഭാഷാശാസ്ത്രം - ചോംസ്കിക്കുമപ്പുറം -പി.എം.ഗിരീഷ് (എഡി.)കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, - 2018
14. വാഗർഥവിചാരം - പ്രൊഫ.എസ്. ഗുപ്തൻ നായർ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, - 2003
15. ഭാഷാപര്യടനം - വാങ്മയി,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, - 1998
16. പ്രാകൃത ഭാഷാ മലയാള നിഘണ്ടു, ഡോ.ടി.പവിത്രൻ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014 .
17. മലയാളം ക്ലാസ്സിക് ഭാഷ - പഴക്കവും വ്യക്തിത്വവും. ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012.
18. ദ്രാവിഡം, ഡോ.സുനീതി കുമാർ ചാറ്റർജി,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, - 1975
19. ശൈലീഭംഗികൾ, ഡോ.വി.ആർ.പ്രബോധചന്ദ്രൻ നായർ.കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, - 2003.
20. മലയാളത്തിലെ പരകീയ പദങ്ങൾ , ഡോ.പി.എം. ജോസഫ്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,- 1984.
21. കേരളപാണിനീയം , ഏ .ആർ.രാജരാജവർമ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം - 1968
22. ഭാഷയും സമൂഹവും , ഡോ. കുമാരൻ വയലേരി, പുസ്തക ഭവൻ, പയ്യന്നൂർ - 2010.
23. ഭാഷാ മലയാളം, ഡോ.ടി.പവിത്രൻ , ലിപി, കോഴിക്കോട് - 2012.
24. മലയാള ഭാഷാ പദവിജ്ഞാനീയം, ഡോ.ആർ.ഗോപിനാഥ് , ഹെറിറ്റേജ് സ്റ്റഡീസ് തിരുവനന്തപുരം - 2017.
25. ദേശ ഭാവനയുടെ ഭാഷാ രാഷ്ട്രീയം, ഡോ.പി.പവിത്രൻ , ഫേബിയൻ ബുക്സ് - 2023 .

26. ഭാഷാഭേദ പഠനം - മലപ്പുറം, പൊഫ.എം. ശ്രീനാഥൻ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ - 2015.

27. ഭാഷയും പഠനവും , പ്രൊഫ.വി.ഐ സുബ്രഹ്മണ്യം , കറണ്ട് ബുക്സ് - 1974

28. മലയാളം സ്വത്വവും വിനിമയവും , പി.എം.ഗിരീഷ്, വള്ളത്തോൾ വിദ്യാപീഠം ശുകപുരം -2013

29. ചോംസ്കിയൻ വാക്യഘടനാ പഠനം, പ്രൊഫ.പി.മാധവൻ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല - 2017.

30. അർത്ഥം ഭാരതീയ സിദ്ധാന്തങ്ങൾ, ഡോ.കെ. കുഞ്ചുണ്ണി രാജ, വള്ളത്തോൾ വിദ്യാപീഠം ശുകപുരം - 2018.

31. ഭാഷ - നവീന പഠനവഴികൾ, പി.വി. മാർക്കോസ് (ജന. എഡിറ്റർ), ഭൂമി മലയാളം, വിദ്വാൻ പി ജി നായർ സ്മാരക ഗവേഷണ കേന്ദ്രം, ആലുവ - 2010.

32. കമ്പ്യൂട്ടർ ഭാഷാശാസ്ത്രം, ഡോ.സി. സെയ്തലവി, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വ കലാശാല - 2020,

33. നോം ചോംസ്കി - ടി.ബി.വേണുഗോപാലപ്പണിക്കർ . വിശ്വദർശന, തൃശ്ശൂർ - 1987.

34 . ഭാഷാശാസ്ത്രപരിചയം - ഡോ.വി.ആർ. പ്രബോധചന്ദ്രൻനായർ - മാളുബൻ പ്രസിദ്ധീകരണം - 2016

35. പൂർവ്വകേരളഭാഷ - ഡോ.കെ.എം. പ്രഭാകരവാര്യർ, മദിരാശി സർവ്വകലാശാല - 1982

36. ഭാഷാഭേദവിജ്ഞാനം - പി.സോമശേഖരൻ നായർ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം - 1973.

37. Modern Linguistics An Introduction – S.K. Verma & N. Krishnaswamy, Oxford University Press, New Delhi, 2009

38. Modern Applied Linguistics – N. Krishnaswamy, S.K.verma & M. Nagarajan, Macmillan, Chennai, 2008

39. The Study of Language – George Yule, Cambridge University Press, Noida, 2008

40. A Course in Linguistics – Tarni Prasad, Prentice Hall of India, New Delhi, 2008

41. An Introduction to Sociolinguisics – Ronald Wardhaugh, Blackwell, USA, 1995

# DKS -CC- 523 കേരളപഠനം ആധുനികകാലം
## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

ആധുനികകേരളത്തിന്റെ നിർമ്മിതിയെക്കുറിച്ച് സൂക്ഷ്മതലത്തിൽ മനസിലാക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുകയും സമകാലിക സമൂഹത്തിന്റെ സാംസ്കാരിക പ്രത്യേ കതകളെ തിരിച്ചറിഞ്ഞ് ഗവേഷണാത്മകമായി സമീപിക്കാൻ പ്രാപ്തി നൽകുകയും ചെയ്യുക.

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01. സാംസ്കാരികചരിത്രം എന്ന വിജ്ഞാനശാഖ പരിചയപ്പെടുക.
02. കേവലചരിത്രവും സാംസ്കാരികചരിത്രവും തമ്മിലുള്ള വ്യത്യാസം മനസിലാക്കുക.
03. കേരളത്തിന്റെ സാംസ്കാരികചരിത്രത്തെ വിവിധ വ്യവഹാരങ്ങളിലൂടെ പുനർനിർമ്മിക്കാനുള്ള ശേഷി നേടുക.
04. മിത്ത്, ഐതിഹ്യം, നാട്ടറിവ് എന്നിവയെ ചരിത്രാത്മകമായി വിശകലനം ചെയ്യുന്നതിന് പ്രാപ്തിനേടുക.
05. കേരളസംസ്കാരത്തിന്റെ സവിശേഷതകൾ ബോധ്യപ്പെടുക.
06.വർത്തമാനകേരളീയ ജീവിതത്തിന്റെ സ്വഭാവം വിശകലനം ചെയ്യുന്നതിന് പ്രാപ്തിയുണ്ടാകുന്നു.

**മൊഡ്യൂൾ ഒന്ന്**

അധിനിവേശത്തിന്റെ തുടർച്ചകൾ-ഡച്ച്, ഫ്രഞ്ച് അധിനിനിവേശത്തിന്റെ ഫലങ്ങൾ-ബ്രിട്ടീഷ് അധിനിവേശം-ഹൈദർ, ടിപ്പു സുൽത്താൻമാരുടെ ആക്രമണം, -പഴശിരാജ, വേലുത്തമ്പി എന്നിവരുടെ ചെറുത്തുനിൽപ്പ്-ബ്രിട്ടീഷുകാരും തിരുവിതാംകൂർ, കൊച്ചി, കോഴിക്കോട് നാട്ടുരാജ്യങ്ങളുമായുള്ള ബന്ധം.

**മൊഡ്യൂൾ രണ്ട്**

ജാതിബന്ധങ്ങൾ-ദേവസ്വം, ബ്രഹ്മസ്വം എന്ന നിലയിൽ ഭൂമിയുടെ അവകാശികൾ. ജന്മികുടിയാൻ ബന്ധം-ജാതിവ്യവസ്ഥയിലൂന്നിയ ശിക്ഷാസമ്പ്രദായം-ഭൂനിയമങ്ങൾ-ജാതിവ്യവസ്ഥയിലൂന്നിയ തൊഴിൽസമ്പ്രദായം-സംബന്ധം -(ഇന്ദുലേഖ, വി.ടിയുടെ ആത്മകഥകൾ എന്നിവയിലെ സംബന്ധചിന്തകൾ)-ദായക്രമപരിണാമം-

**മൊഡ്യൂൾ മൂന്ന്**

പ്രാചീനകേരളത്തിന്റെ വിദ്യാഭ്യാസസമ്പ്രദായം-വിവിധവിഭാഗങ്ങൾക്ക് വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരുന്നസ്ഥാനം-പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആവിർഭാവം-മിഷണറിമാരും പാശ്ചാത്യവിദ്യാഭ്യാസവും-തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലെ ആധുനിക വിദ്യാഭ്യാസ മുന്നേറ്റം-വിദ്യാഭ്യാസവും നവോത്ഥാനനായകരും-സ്ത്രീകളുടെയും ദളിതരുടെയും വിദ്യാഭ്യാസമുന്നേറ്റം-(വി.ടിയുടെ കണ്ണീരും കിനാവും, ബഷീറിന്റെ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു, ലുത്തുമതി എന്നീ കൃതികൾ സാക്ഷരതാശ്രമങ്ങളുമായി ചേർത്തു പഠിക്കുക)

**മൊഡ്യൂൾ നാല്**

ആധുനികീകരണത്തിന്റെ അടിസ്ഥാനതത്വങ്ങൾ(പൗരബോധം, സ്വാതന്ത്ര്യബോധം, സാക്ഷരത, ശാസ്ത്രജ്ഞാനം, സമത്വബോധം) ആധുനികീകരണവും ബ്രിട്ടീഷ് അധിനിവേശവും-പൗരാവകാശത്തിന്റെ രൂപപ്പെടൽ-മാധ്യമങ്ങൾ-മിഷണറിമാരുടെയും തദ്ദേശീയരുടെയും സംഭാവനകൾ-കൊളോണിയലിസം രൂപംകൊടുത്ത തൊഴിലിടങ്ങൾ (കോട

തികൾ, മാധ്യമസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഓട്ടുപണി ശാലകൾ) പരമ്പരാഗത വ്യവസായങ്ങൾ, ആധുനിക ഗതാഗതസംവിധാനങ്ങൾ.

**മൊഡ്യൂൾ അഞ്ച്**

നവോത്ഥാന ചിന്തകർ- നവോത്ഥാന ചിന്തകരുടെ പ്രവർത്തനം- വൈകുണ്ഠസ്വാമികൾ- ചട്ടമ്പിസ്വാമികൾ-ശ്രീനാരായണഗുരു-അയ്യങ്കാളി-വക്കം മൗലവി-സഹോദരൻ അയ്യപ്പൻ- വി.ടി. ഭട്ടതിരിപ്പാട്-വാഗ്ഭടാനന്ദഗുരു-പൊയ്കയിൽ യോഹന്നാൻ-സ്വദേശാഭിമാനി-കേസരി- അക്കാമ്മചെറിയാൻ.

**മൊഡ്യൂൾ ആറ്**

സമരങ്ങളും പ്രസ്ഥാനങ്ങളും-കേരളത്തിന്റെ ആധുനികീകരണത്തിനു കാരണമായ സമരങ്ങളും പ്രസ്ഥാനങ്ങളും-മലബാർ വിവാഹപരിഷ്കരണബിൽ-ചാന്നാർലഹള- അയ്യങ്കാളിയുടെ പ്രക്ഷോഭങ്ങൾ (വില്ലുവണ്ടിയാത്ര, കല്ലുമാലസമരം, കർഷകസമരം)- മലയാളി മെമ്മോറിയൽ-ഈഴവമെമ്മോറിയൽ-നിവർത്തനപ്രക്ഷോഭം- സമുദായസംഘടനകൾ-ഐക്യകേരള പ്രസ്ഥാനം-ക്ഷേത്രപ്രവേശനസമരങ്ങൾ- സ്വതന്ത്രതിരുവിതാംകൂർവാദം-1938ലെ തൊഴിലാളി പ്രക്ഷോഭം-പുന്നപ്രവയലാർ സമരം- ഒന്നാം മന്ത്രിസഭ-ഭൂപരിഷ്കരണവിദ്യാഭ്യാസബില്ലുകൾ-വിമോചനസമരം- ഗ്രന്ഥശാലാപ്രസ്ഥാനം

**സഹായകഗ്രന്ഥങ്ങൾ**

01. കേരളത്തിന്റെ സാംസ്കാരിക ചരിത്രം-ഡോ. പി.കെ. ഗോപാലകൃഷ്ണൻ, ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം-2022

02. പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം-പി. ഭാസ്കരനുണ്ണി, കേരളസാഹിത്യ അക്കാദ മി-2022

03. കേരളം ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ-പി. ഭാസ്കരനുണ്ണി-കേരളസാഹിത്യ അക്കാദമി, 2023

04. ജാതിവ്യവസ്ഥയും കേരളചരിത്രവും-പി.കെ. ബാലകൃഷ്ണൻ-ഡി.സി. ബുക്സ് കോട്ടയം, 2023

05. ജാതിസമ്പ്രദായം കേരളത്തിൽ-ഇളംകുളംകുഞ്ഞൻപിള്ള, എൻ ബി എസ് കോട്ടയം

06. കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ-ഇളംകുളം കുഞ്ഞൻപിള്ള, എൻ ബി എസ് കോട്ടയം

07. കേരളം: മലയാളികളുടെ മാതൃഭൂമി-ഇ.എം.എസ്. , ചിന്ത പബ്ലിഷേഴ്സ്, 2023

08. കേരളസംസ്കാരം-എ. ശ്രീധരമേനോൻ, ഡി.സി. ബുക്സ്, 2022

09. കേരളത്തിന്റെ ഇന്നലെകൾ-കെ.എൻ. ഗണേശ്, ഭാഷാ ഇൻസ്റ്റിറ്റിയൂട്ട്, 2019

10. കേരളചരിത്രം-രാഘവവാര്യർ, രാജൻ ഗുരുക്കൾ.വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2006

11. സഞ്ചാരികൾ കേരളം-വേലായുധൻ പണിക്കശേരി, കാലിക്കട്ട് സർവ്വകലാശാല, 2001.

12.നായർ ആധിപത്യത്തിന്റെ പതനം-റോബിൻ ജെഫ്രി,ഡി സി ബുക്സ് കോട്ടയം

13.നെയ്യാറ്റിൻകര എ.പി.നായർ,ഡോ.എ.എം.ഉണ്ണിക്കൃഷ്ണൻ,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

## DKS- CC- 524 ഭാരതീയകാവ്യദർശനങ്ങൾ
## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളുടെ അടിസ്ഥാനതത്വങ്ങൾ പരിചയപ്പെടുക, സംസ്കൃതവും ദ്രാവിഡവുമായ സാഹിത്യമീമാംസാവിചാരങ്ങൾ മനസ്സിലാക്കുക തുടങ്ങിയവയാണ് കോഴ്സിന്റെ ലക്ഷ്യം.

**കോഴ്സിന്റെ പഠനപ്രയോജനം (കോഴ്സ് ഔട്കം)**

01.സൗന്ദര്യസിദ്ധാന്തങ്ങളുടെ ഭാരതീയവഴികൾ മനസ്സിലാക്കുന്നു.

02.സിദ്ധാന്തങ്ങളുടെ പ്രയോഗം സർഗാത്മകതയുമായി എങ്ങനെ ബന്ധപ്പെടുന്നു എന്ന് തിരിച്ചറിയുന്നു.

03.രചനകളെ സിദ്ധാന്തങ്ങളുടെ സഹായത്തോടെ ആസ്വദിക്കാൻ പഠിക്കുന്നു.

04.സൗന്ദര്യസിദ്ധാന്തങ്ങൾ അതുണ്ടായ കാലഘട്ടത്തിന്റെ പ്രതിഫലനമാണോ എന്ന് പഠിക്കുന്നു.

05.സിദ്ധാന്തങ്ങൾ അടിത്തറയായി സ്വീകരിച്ച രചനകളുടെ സ്വഭാവം മനസ്സിലാക്കുന്നു.

06. സിദ്ധാന്തങ്ങൾ കാലികമാക്കാനാവുമോ എന്ന് പഠിക്കുന്നു.

**മൊഡ്യൂൾ ഒന്ന്**

കാവ്യമീമാംസയുടെ സമീപനവഴികൾ-ഭരതൻ-ഭാമഹൻ-ദണ്ഡി-വാമനൻ-ക്ഷേമേന്ദ്രൻ-ആനന്ദവർദ്ധനൻ-അഭിനവഗുപ്തൻ-രാജശേഖരൻ-മമ്മടൻ-കുന്തകൻ-മഹിമഭട്ടൻ-ജഗന്നാഥ പണ്ഡിതർ എന്നിവരുടെയും-ബൗദ്ധജൈനദ്രാവിഡ ശാഖകളുടെയും സമീപനങ്ങളുടെ സാമാന്യപരിചയം

**മൊഡ്യൂൾ രണ്ട്**

കവി-കാവ്യം-സഹൃദയൻ-സാഹിത്യം-കാവ്യഹേതു-കാവ്യപ്രയോജനം-കാവ്യഗുണങ്ങൾ -കാവ്യദോഷങ്ങൾ-കാവ്യ വിഭാഗങ്ങൾ.

**മൊഡ്യൂൾ മൂന്ന്**

ദ്രാവിഡസൗന്ദര്യശാസ്ത്രം- തിണസങ്കല്പം-വിവിധതരം തിണകൾ-മുതൽപ്പൊരുൾ–ഉരിപ്പൊരുൾ-കരുപ്പൊരുൾ-അകപ്പൊരുൾ-പുറപ്പൊരുൾ–പരിസ്ഥിതസൗന്ദര്യശാസ്ത്രവുമായി തിണസങ്കല്പത്തിനുള്ള ബന്ധം

**മൊഡ്യൂൾ നാല്**

രസസൂത്രം-സ്ഥായിഭാവങ്ങൾ-സഞ്ചാരിഭാവങ്ങൾ-വിഭാവം-അനുഭാവം-രസനിഷ്പത്തി- ഉല്പത്തിവാദം-അനുമിതിവാദം-ഭുക്തിവാദം-അഭിവ്യക്തിവാദം-ധ്വനിപദ്ധതി-ശബ്ദവ്യാപാരങ്ങൾ-അഭിധ-ലക്ഷണ-വ്യഞ്ജന-ധ്വനിയുടെ വിഭാഗങ്ങൾ-ഗുണീഭൂതവ്യംഗ്യം-ചിത്രകാവ്യം

**മൊഡ്യൂൾ അഞ്ച്**

രീതി-ദണ്ഡിയുടെയും വാമനന്റെയും കാഴ്ചപ്പാട്-രീതിയും പാശ്ചാത്യ സങ്കല്പത്തിലെ സ്റ്റൈലും-വക്രോക്തി-ചരിത്രം- കുന്തകന്റെ സങ്കല്പം-വിവിധ തരം വക്രതകൾ – ക്ഷേമേന്ദ്രന്റെ ഔചിത്യസിദ്ധാന്തം,മഹിമഭട്ടന്റെ അനുമിതി വാദം.

**മൊഡ്യൂൾ ആറ്**

വൃത്തനിർണയനം-സംസ്കൃതവൃത്തങ്ങൾ-വർഗീകരണം-ഭാഷാവൃത്തങ്ങൾ- വർഗ്ഗീകരണം-അടിസ്ഥാനസ്വഭാവം

അലങ്കാരം-ഭാരതീയഅലങ്കാര ചർച്ച-അലങ്കാരവിഭാഗങ്ങൾ-ശബ്ദാലങ്കാരങ്ങളും അർത്ഥാലങ്കാരങ്ങളും-അലങ്കാരങ്ങളും ഇമേജറിയും

**സഹായകഗ്രന്ഥങ്ങൾ**


1.ഭാരതീയ കാവ്യശാസ്ത്രം - ഡോ.ടി.ഭാസ്കരൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2014 (1978).

2.രസകൗമുദി - ഡോ. പൂജപ്പുര കൃഷ്ണൻ നായർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2016.

3ഘടനാവാദവും ഉത്തരഘടനാ വാദവും പൗരസ്ത്യകാവ്യ ശാസ്ത്രവും, ഗോപിചന്ദ് നാരംഗ് സാഹിത്യ അക്കാദമി, 2013.

4.കാവ്യാദർശം - ആചാര്യ ദണ്ഡി (പരിഭാഷ - പ്രൊഫ.ആർ.വാസുദേവൻ പോറ്റി ), കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

5.വിമർശവിവേകം, ഏറ്റുമാനൂർ സോമദാസൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011.

6.സാഹിത്യമീമാംസ സിദ്ധാന്തവും പ്രയോഗവും, എഡിറ്റർ: ഡോ. മഞ്ജു.വി, മലയാള വിഭാഗം,ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്, 2021.

7.ഭാരതീയ സാഹിത്യ ചിന്തയുടെ ആത്മാവ്, ഡോ.പി.വി.കൃഷ്ണൻ നായർ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2023.

8.മാരാരും സംസ്കൃത സാഹിത്യ തത്ത്വചിന്തയും, ഡോ.സി.രാജേന്ദ്രൻ, വള്ളത്തോൾ വിദ്യാപീഠം, 2014.

9.ഭാഷാഭൂഷണം, ഏ ആർ രാജരാജവർമ്മ, എസ് പി സി എസ്, കോട്ടയം, 1997 (1968).

10.പൗരസ്ത്യ സാഹിത്യ ദർശനം, എം.എസ്.മേനോൻ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1980.

11.രസഭാരതി, വേദബന്ധു, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1985.

12.ഭാവുകന്റെ നിലപാടുകൾ, ഡോ.സി.എം. നീലകണ്ഠൻ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1992.

13.പാഠവും പൊരുളും, ഡോ.സി.രാജേന്ദ്രൻ, വള്ളത്തോൾ വിദ്യാപീഠം, 2014 (1998).

14.ഭാഷാവൃത്തങ്ങൾ, കുട്ടികൃഷ്ണമാരാര്, മാരാർസാഹിത്യപ്രകാശം, കോഴിക്കോട്, 1960.

15.വൃത്തശില്പം, കുട്ടികൃഷ്ണമാരാര്, മാരാർസാഹിത്യപ്രകാശം, കോഴിക്കോട്, 2014.

16.വൃത്തമഞ്ജരി, ഏ ആർ.രാജരാജവർമ്മ, കറന്റ് ബുക്സ്, 2008 (1904).

17.വ്യാഖ്യാനവും വിമർശനവും - രസം, കവിത, ഭാഷ. വി.കെ.ഹരിഹരനുണ്ണിത്താൻ, വള്ളത്തോൾ വിദ്യാപീഠം, 2017.

18.വക്രോക്തി കാവ്യജീവിതം, ഡോ.എൻ.വി.പി.ഉണിത്തിരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001.

19.മലയാള വൃത്തപഠനം, പി.നാരായണക്കുറുപ്പ്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1998.

20.സൗന്ദര്യശാസ്ത്രം, ഡോ.സി.രാജേന്ദ്രൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2006.

21.നൃത്യപ്രകാശിക, വിജയഭാനു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.

22.നാട്യകല സിദ്ധാന്തവും പ്രയോഗവും, പി.ജി.ജനാർദ്ദനൻ, മാതൃഭൂമി ബുക്സ്, 2012.

23.നാട്യപ്രയോഗങ്ങൾ, ഡോ.ടി.ജി.ശൈലജ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

24.സർവ്വാംഗാഭിനയം ഭാരതീയ സങ്കല്പത്തിൽ, നാരായണൻ ചിറ്റൂർ നമ്പൂതിരിപ്പാട്, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ, 2004.
25.രംഗാവതരണം, ഒരു സംഘം ലേഖകർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
26.നാട്യശാസ്ത്രം - ഭരതമുനി Vol 1, 2, പരിഭാഷ - പ്രൊഫ.കെ.പി.നാരായണ പിഷാരടി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1999.
27.വ്യാഖ്യാനശാസ്ത്രം, ഡോ.സി.രാജേന്ദ്രൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2005.
28.കാവ്യമീമാം പൗരസ്ത്യവും പാശ്ചാത്യവും, എൻ.ആർ.ഗോപിനാഥപിള്ള, മാളുബൻ, തിരുവനന്തപുരം, 2001.
29.ധ്വന്യാലോകം,ലോചനം - വ്യാഖ്യാനം ഡോ.ചാത്തനാത്ത് അച്യുതനുണ്ണി, വള്ളത്തോൾ വിദ്യാപീഠം, 2019.
30.ഭാരതീയ സാഹിത്യദർശനം, ഡോ.ചാത്തനാത്ത് അച്യുതനുണ്ണി, എസ് പി സി എസ്, 2015.
31.ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും-അയ്യപ്പപ്പണിക്കർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999.

## DKS -CC -525 ഗവേഷണരീതിശാസ്ത്രം
## ക്രഡിറ്റ്-3

**കോഴ്സിന്റെ ലക്ഷ്യം**

വിദ്യാർത്ഥികളിൽ ഗവേഷണാഭിമുഖ്യവും രീതിബോധവും ഉണ്ടാക്കുകയും വിജ്ഞാനോല്പാദനത്തിൽ വിദ്യാർത്ഥികൾക്കുള്ള സാധ്യതബോധ്യപ്പെടുത്തുകയും ചെയ്യുക

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

1. ഗവേഷണം എന്ത്? എന്തിന്? എന്നിവ മനസ്സിലാക്കുന്നു.
2.ഗവേഷണവിഷയവും ഗവേഷണപ്രശ്നവും തിരിച്ചറിയുന്നു.
3. ഗവേഷണത്തിന്റെ രീതിയും പ്രബന്ധരചനയുടെ രീതിയും മനസ്സിലാക്കുന്നു.
04.പുതിയകാലത്തെ സാഹിത്യപഠനത്തിന് രീതിശാസ്ത്രം ഏതുരീതിയിലാവാം എന്ന് മനസ്സിലാക്കുന്നു.
05. പഴയരീതിയശാസ്ത്രത്തിനുണ്ടായ പരിണാമം മനസ്സിലാക്കുന്നു.
06. ഗവേഷണത്തിനാവശ്യമായ എത്തിക്സ് മനസ്സിലാക്കുന്നു.

**മൊഡ്യൂൾ ഒന്ന്**

ഗവേഷണനിർവ്വചനം-പ്രസക്തി-സാഹിത്യ ഗവേഷണം–ഭാഷാഗവേഷണം-വിവിധ രീതികൾ -മലയാളഗവേഷണത്തിന്റെ സാമാന്യചരിത്രം

**മൊഡ്യൂൾ രണ്ട്**

ഗവേഷണത്തിന്റെ പ്രാരംഭം- ഗവേഷകർക്കാവശ്യമായ സമീപനം- വിഷയസ്വീകരണം - പരികല്പന-രൂപരേഖതയ്യാറാക്കൽ-വിവധതരം ഗവേഷണരീതികൾ

**മൊഡ്യൂൾ മൂന്ന്**

ദത്തശേഖരണം-വിവിധതരം ദത്തങ്ങൾ-ദത്തസമാഹരണരീതികൾ- ലിഖിതവസ്തുക്കൾ-അഭിമുഖം-ചോദ്യാവലി തയ്യാറാക്കൽ എന്നിവ–ദത്തശേഖരത്തിന്റെ രേഖപ്പെടുത്തലും സൂക്ഷിക്കലും

**മൊഡ്യൂൾ നാല്**

കുറിപ്പുകൾ-വിവിധയിനം കുറിപ്പുകൾ-അടിക്കുറിപ്പ്-പിൻകുറിപ്പ്-ഉദ്ധരണികൾ- അതിന്റെ പ്രാധാന്യം-വിവിധരീതികൾ-ഉദ്ധരണിയുടെ സൂചനയിൽ വേണ്ട ഘടകങ്ങൾ- സൂചന(reference)യുടെ പ്രാധാന്യം–അതിന്റെ വിവിധ രീതികൾ-ഗ്രന്ഥസൂചി തയ്യാറാക്കൽ

**മൊഡ്യൂൾ അഞ്ച്**

പ്രബന്ധശരീരം–ആമുഖം–റിസേർച്ച് പേപ്പർ (ഗവേഷണരേഖ)–പിഎച്ച്ഡി പ്രബന്ധം തമ്മിലുള്ള വ്യത്യാസം-അദ്ധ്യായവിഭജനം-ഉപശീപശീർഷകങ്ങൾ-നിഗമനങ്ങൾ-ആശയചോരണ(plagiarism)വും അതിന്റെ ദോഷങ്ങളും.

**മൊഡ്യൂൾ ആറ്**

പ്രബന്ധഭാഷ-ശാസ്ത്രീയത-കൃത്യത-അലങ്കാരരാഹിത്യം-വ്യക്തത എന്നിവ–ഡി.റ്റി.പി.യിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ-ചിഹ്നനത്തിന്റെ പ്രാധാന്യം–പ്രൂഫ്ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യം–ബയന്റിങ്ങിൽ സ്വീകരിക്കേണ്ട പരിസ്ഥിതിബോധം.

<u>**സഹായകഗ്രന്ഥങ്ങൾ**</u>

1.ഗവേഷണത്തിന്റെ പ്രശ്നങ്ങൾ - (സമ്പാ.) കെ. രാമചന്ദ്രൻനായർ, പി.വി. വേലായുധൻപിള്ള, കേരളസർവകലാശാല, തിരുവനന്തപുരം, 1976

2.ഗവേഷണപദ്ധതി - കെ.എം. പ്രഭാകരവാരിയർ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1982

3.ഗവേഷണം പ്രബന്ധരചനയുടെ തത്ത്വങ്ങൾ - ചാത്തനാത്ത് അച്യുതനുണ്ണി, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2015

4.ഗവേഷണപ്രവേശിക - എം.വി. വിഷ്ണുനമ്പൂതിരി, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2001

5.ഗവേഷണരീതിശാസ്ത്രം - നടുവട്ടം ഗോപാലകൃഷ്ണൻ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002

6.സാഹിത്യഗവേഷണത്തിന്റെ രീതിശാസ്ത്രം – ഡി. ബഞ്ചമിൻ, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2012

7.മലയാളഗവേഷണം അകവും പുറവും – അശോക് ഡിക്രൂസ്, ആത്മ ബുക്സ്, കോഴിക്കോട്, 2020

8.ഗവേഷണത്തിന്റെ രീതിയും നീതിയും – അശോക് ഡിക്രൂസ്, ആത്മ ബുക്സ്, കോഴിക്കോട്, 2019

9.ഗവേഷണരീതിശാസ്ത്രം സിദ്ധാന്തവും പ്രയോഗവും - (എഡി.)കെ.എസ്. മിഥുൻ, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2017

10.മലയാളഗവേഷണം ചരിത്രവും വർത്തമാനവും–(എഡി.)ടി. അനിതകുമാരി & അശോക് ഡിക്രൂസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2019

11.ഗവേഷണപഠനവും രീതിശാസ്ത്രവും : അറിവുല്പാദനത്തിന്റെ പുതുവഴികൾ - (എഡി.) ടി.അനിത കുമാരി &രാധാകൃഷ്ണൻ ഇളയിടത്ത്, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ, 2017

12.സാഹിത്യഗവേഷണം സിദ്ധാന്തവും പ്രയോഗവും - രവിശങ്കർ എസ്. നായർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2021

13.The Craft of Research – (Eds.) Wayne C. Booth, Gregory G. Colomb, Joseph M. Williams, Joseph Bizup and William T. Fitzgerald, The University of Chicago, Chicag0, 2016

# സെമസ്റ്റർ മൂന്ന്

# DKS- CC -531 കേരളീയദൃശ്യശില്പകലകൾ
## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

കേരളത്തിലെ ചിത്രകല,ശില്പകല എന്നിവയെസംബന്ധിച്ചുള്ള സാമാന്യധാരണ ഉണ്ടാക്കുക, അവയുടെ പരിണാമം എതൊക്കെ രീതിയിലാണ് സംഭവിച്ചത് എന്നു തിരിച്ചറിയുക എന്നിവയാണ് കോഴ്സിന്റെ ലക്ഷ്യങ്ങൾ

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ ഔട്കം)**

01. കേരളീയചിത്രകല, ശില്പകല, എന്നിവയുടെ പാരമ്പര്യം മനസിലാക്കുന്നു.
02. ചിത്രകലയും ശില്പകലയും ആസ്വദിക്കാനുള്ള ശേഷി ആർജ്ജിക്കുന്നു.
03. ചിത്രകലയും ശില്പകലയും സാഹിത്യവും തമ്മിലുള്ള അന്തർവൈജ്ഞാനിക ബന്ധം തിരിച്ചറിയുന്നു.
04. കേരളത്തിന്റെ സാംസ്കാരികചരിത്രം പഠിക്കുന്നതിനുള്ള ഉപാധിയായി ശില്പകലയും ചിത്രകലയും മാറുന്നതെങ്ങനെയെന്ന് തിരിച്ചറിയുന്നു.
05.ശില്പചിത്രകലകളിലുണ്ടായ പരിണാമം മനസ്സിലാക്കുക
06.കലാരംഗവും സാമൂഹികബോധവും എന്തെന്ന് മനസ്സിലാക്കുക.

**മൊഡ്യൂൾ ഒന്ന്**

ചിത്രകല-പെയിന്റിംഗ്-ഉത്ഭവചരിത്രം-ഗുഹാചിത്രങ്ങൾ-ശില്പകല ഉത്ഭവചരിത്രം- പ്രസ്ഥാനങ്ങൾ(സാമാന്യ പരിചയം)

**മൊഡ്യൂൾ രണ്ട്**

കേരളീയചിത്രകല-വിവിധ ചിത്രകലാരീതികൾ-ധൂളിചിത്രങ്ങൾ-കളമെഴുത്ത്-മന്ത്രവാദക്കളം-നാഗക്കളം-കലകളിലെ ചിത്രങ്ങൾ-കഥകളി-തെയ്യം-പടയണി-മുഖത്തെഴുത്തുകൾ

അച്ചടിയും ചിത്രകലയും-ഗോത്രങ്ങളും ചിത്രരചനയും-ചുമർചിത്രങ്ങൾ–ക്ഷേത്രചിത്രങ്ങൾ-കൊട്ടാരചിത്രങ്ങൾ-ചിത്രരാമായണം

**മൊഡ്യൂൾ മൂന്ന്**

ആധുനിക ചിത്രകല-രാജാരവിവർമ്മ-കെ.സി.എസ് പണിക്കർ-എം.വി. ദേവൻ-ടി. കെ.പദ്മിനി-ആർട്ടിസ്റ്റ് നമ്പൂതിരി-കാർട്ടൂൺ-കാരികേച്ചർ-ഇലസ്ട്രേഷൻ-കാലിഗ്രഫി

**മൊഡ്യൂൾ നാല്**

കേരളീയശില്പകല-ശില്പം-പ്രതിമ-ബിംബം-വിവിധ ശില്പകലാ രീതികൾ-ചൈനീസ് പാത്രങ്ങൾ-ബൗദ്ധ-ജൈന ശില്പങ്ങൾ-കേരളത്തിലെ പ്രശസ്തമായ ശില്പങ്ങളും ശില്പികളും-കാനായി കുഞ്ഞിരാമൻ-തിരുവനന്തപുരത്തെ പ്രതിമകൾ

**മൊഡ്യൂൾ അഞ്ച്**

വാസ്തുവിദ്യ-ക്ഷേത്രനിർമ്മാണം-വീടുകൾ-കൊട്ടാരങ്ങൾ–ലാറിബേക്കർ-ശങ്കർ എന്നിവരുടെ വാസ്തുവിദ്യാമാതൃക-ആധുനിക ആർകിടെക്ച്ചർ നിർമ്മാണരീതി

**മൊഡ്യൂൾ ആറ്**

കേരളത്തിലെ പൊതുമണ്ഡലം-ബിനാലെ-ചിത്രപ്രദർശനങ്ങൾ–ഫോട്ടോഗ്രഫി-ഇൻസ്റ്റലേഷനുകൾ-കലാസ്വാദനം-ആർട്ട് ഗാലറികൾ-കലാനിരൂപണം-കേരളലളിതകല അക്കാദമി

സഹായകഗ്രന്ഥങ്ങൾ

01. നവീന ചിത്രകല - കേസരി ബാലകൃഷ്ണപിള്ള, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ.

02 . ആധുനിക കലയുടെ ലാവണ്യ ശാസ്ത്രം -വിജയകുമാർ മേനോൻ, കേരള ഭാഷാ ഇൻസ്റ്റിറ്റൂട്ട്, തിരുവനന്തപുരം.

03. കേരളത്തിലെ ചുവർ ചിത്രങ്ങൾ - എം.ജി. ശശിഭൂഷൺ, കേരള ഭാഷാ ഇൻസ്റ്റിറ്റൂട്ട്, തിരുവനന്തപുരം.

04. കലയുടെ നവലോകം - കവിതാ ബാലകൃഷ്ണൻ, ഡി.സി. ബുക്ക്സ് , കോട്ടയം.05. വായനാമനുഷ്യന്റെ ചരിത്രം - കവിത ബാലകൃഷ്ണൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

06. കലാവസ്തുവിന്റെ വർത്തമാനം - സുധീഷ് കോട്ടേമ്പ്രം, കേരള ഭാഷാ ഇൻസ്റ്റിറ്റൂട്ട്, തിരുവനന്തപുരം.

07. ഭാരതീയകല ഇരുപതാം നൂറ്റാണ്ടിൽ - വിജയകുമാർ മേനോൻ , ഡി. സി. ബുക്ക്സ് , കോട്ടയം.

08.ചിത്രകല ചരിത്രവും രീതികളും - വിജയകുമാർ മേനോൻ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

09.Insight and outlook - R. Nandakumar, Kerala lalithakala Academy, Thrissur.

10.Ways of seeing - John Berger, penguin books, United Kingdom.

ലേഖനങ്ങൾ

11.കലയും പ്രത്യയശാസ്ത്രവും - ബി. രാജീവൻ, കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം, (എഡിറ്റർ - രവീന്ദ്രൻ) ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

12.ആധുനിക ഇന്ത്യൻ ചിത്രകല ചരിത്രപരവും സാമൂഹികശാസ്ത്രപരവുമായ ഒരു സമീപനം - ആർ. നന്ദകുമാർ, കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം, (എഡിറ്റർ - രവീന്ദ്രൻ) ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം

13.ആധുനിക ഇന്ത്യൻചിത്രകല ഒരനുബന്ധം - ആർ. നന്ദകുമാർ, കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം, (എഡിറ്റർ - രവീന്ദ്രൻ) ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.14.The Missing Male : The female figures of Ravivarma and the concepts of family , Marriage and fatherhood in nineteenth century Kerala - R. Nandakumar, south idian studies , 1996.

15. "Why Are There No Great Women Artists?" - Nochlin, Linda,In Gornick, Vivian; Moran, Barbara Woman in Sexist Society: Studies in Power and Powerlessness. New York: Basic Books.

16.The Work of Art in the Age of Mechanical Reproduction" - by Walter Benjamin, penguin books, England.

17. Postmodern (Non) Bodies : Philosophy of Corporality and Contemporary Art. Amalu Shaji_The 35th Nandan Journal,Department of History of Art, Kalabhavana, 2023. Page: 18

## DKS -CC -532 മലയാളമാധ്യമം ചരിത്രവും സംസ്കാരവും

## ക്രഡിറ്റ്-4

**കോഴ്സിന്റെ ലക്ഷ്യം**

ആഗോളമാധ്യമചരിത്രവും ഇന്ത്യൻ മാധ്യമചരിത്രവും സാമാന്യമായും കേരളീയ മാധ്യമ ചരിത്രം സവിശേഷമായും പഠിക്കുക, പൗരസമൂഹം എന്ന നിലയിൽ ജനതയുടെ വളർച്ച യിൽ പത്രങ്ങൾ വഹിച്ച പങ്ക് ജനാധിപത്യത്തിന്റെ രൂപപ്പെടലിനു ശേഷം പത്രങ്ങളുടെ പ്രവർത്തനം എന്നിവ മനസിലാക്കുക എന്നിവയാണ് കോഴ്സിന്റെ

**കോഴ്സിന്റെ പഠനപ്രയോജനം(കോഴ്സ് ഔട്കം)**

01.മാധ്യമങ്ങളുടെ രൂപം, വ്യവഹാരം എന്നിവയുടെ ചരിത്രപരമായ പരിണാമത്തെക്കുറിച്ചു പഠിക്കുന്നു.

02.സാമൂഹികപുരോഗതിയിൽ മാധ്യമങ്ങൾ വഹിച്ച പങ്ക് മനസിലാക്കുന്നു.

03.മാധ്യമങ്ങളുടെ സാംസ്കാരികസ്വാധീനതയെക്കുറിച്ചു തിരിച്ചറിയാൻ കഴിയുന്നു.

04. ഭരണകൂടവുമായുള്ള മാധ്യമങ്ങളുടെ ബന്ധത്തെക്കുറിച്ച് അടുത്തറിയാൻ കഴിയുന്നു

05.മാധ്യമവും ജനജീവിതവും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.

06.വർത്തമാനകാല മാധ്യമങ്ങളുടെ പ്രസക്തി എന്തെന്ന് പഠിക്കുന്നു.

**മൊഡ്യൂൾ ഒന്ന്**

ആശയവിനിമയ ചരിത്രവും മാധ്യമങ്ങളും-ആശയവിനിമയപ്രക്രിയ-ആശയവിനിമയരീതികൾ-അച്ചടിക്കുമുമ്പുള്ള മാധ്യമങ്ങൾ-അച്ചടിയുടെ ചരിത്രം-സാക്ഷരത-പത്രങ്ങളുടെ ആരംഭം ആഗോളപത്രചരിത്രം-പത്രങ്ങൾ ഇന്ത്യയിൽ- ജെയിംസ് അഗസ്റ്റസ് ഹിക്കി-രാജാറാം മോഹൻ റോയ്-കേരളത്തിലെ ആദ്യകാല പത്രങ്ങൾകേരളത്തിലെ അച്ചടിയുടെ ചരിത്രം- മിഷണറിമാരുടെ പങ്ക് -കേരളത്തിലെ ആദ്യകാല പത്രപ്രവർത്തകർ-ഗുണ്ടർട്ട്, ജോർജ് മാത്തൻ, ദേവ്ജി ഭീംജി, കണ്ടത്തിൽ വർഗീസ് മാപ്പിള-പൗരസമൂഹത്തിന്റെ രൂപീകരണവും പത്രങ്ങളും-നസ്രാണി ദീപിക, മലയാള മനോരമ, വിദ്യാവിനോദിനിമാസികകളുടെ ചരിത്രം

**മൊഡ്യൂൾ രണ്ട്**

സാമൂഹിക പ്രവർത്തനവും പത്രങ്ങളും-ഗാന്ധിജിയുടെ പത്രപ്രവർത്തനം-വക്കം മൗലവി-സ്വദേശാഭിമാനി രാമകൃഷ്ണപിള്ള-സി.വി. കുഞ്ഞുരാമൻ- കേസരി- സമദർശി പ്രബോധകൻ കേസരിമാസികകൾ -കേരളീയസമൂഹപരിണാമവും പത്രപ്രവർത്തനവും- സ്വാതന്ത്ര്യസമരവും മലയാള പത്രങ്ങളും-മാതൃഭൂമി, സാമുദായികസംഘടനകളും പത്രപ്രവർത്തനവും

**മൊഡ്യൂൾ മൂന്ന്**

മാധ്യമങ്ങളെ ഭരണകൂടങ്ങൾ ഉപയോഗിച്ചവിധം-ലോകയുദ്ധകാലത്തെ ജർമ്മൻ, ബ്രിട്ടീഷ് അമേരിക്കൻ മാധ്യമങ്ങൾ-ജനാധിപത്യകാലത്തെ പത്രങ്ങൾ- ലോകകാഴ്ച്ചപ്പാടിൽ -സ്വാതന്ത്ര്യാനന്തരപത്രപ്രവർത്തനം-ലിറ്റിൽ മാഗസിനുകൾ-രാഷ്ട്രീയപാട്ടികളുടെ മുഖപത്രങ്ങൾ-ഭരണകൂടവും പത്രങ്ങളും-അടിയന്തിരാവസ്ഥയും ഇന്ത്യൻ പത്രങ്ങളും-അടിയന്തിരാവസ്ഥക്കാലത്തെ കേരളീയ പത്രങ്ങൾ-സാങ്കേതിക വികാസവും പത്രങ്ങളും- ജനാധിപത്യകാലത്തെ പ്രമുഖപത്രപ്രവർത്തകർ-ശിവറാം, അനിതാ പ്രതാപ്, നവാബ് രാജേന്ദ്രൻ-ആധുനിക പത്രപ്രവർത്തനചരിത്രത്തിലെ പ്രധാന സംഭവങ്ങൾ.(വാട്ടർഗേറ്റ്, വിയറ്റ്നാം ഫോട്ടോ)

**മൊഡ്യൂൾ നാല്**

ആഗോളവത്കരണവും പത്രങ്ങളും-പത്രവ്യവസായം-പത്രങ്ങളുടെ പ്രാദേശികവൽക്കരണം-

രാഷ്ട്രീയ പാർട്ടികളും പത്രങ്ങളും-പത്രഉടമസ്ഥത-പത്രപ്രവർത്തകരുടെ പദവി-ദളിത്, സ്ത്രീ പ്രാധിനിത്യം പത്രങ്ങളിൽ.-നവദേശീയതയും പത്രങ്ങളും-നവസാങ്കേതികതകാലത്തെ പത്രങ്ങൾ-പത്രങ്ങളെ നിയന്ത്രിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ

**മൊഡ്യൂൾ അഞ്ച്**

റേഡിയോ-റേഡിയോയുടെ ആവിർഭാവം-റേഡിയോയുടെ ആശയവിനിമയസാധ്യതകൾ-റേഡിയോ ഇന്ത്യയിൽ-സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ റേഡിയോ-മലയാളം റേഡിയോ-പൊതുസമൂഹവും റേഡിയോയും-എഫ്.എം. റേഡിയോ-ഹാം റേഡിയോ-റേഡിയോ പ്രോഗ്രാമുകൾ-ശ്രവ്യമാധ്യമത്തിന്റെ സമകാലിക പ്രസക്തി- ടെലിവിഷന്റെ ഉൽപ്പത്തിചരിത്രം-അമേരിക്കൻ ടെലിവിഷൻ-യൂറോപ്യൻ ടെലിവിഷൻ ചരിത്രം-ടെലിവിഷൻ പരമ്പര-ടെലിവിഷൻ ഇന്ത്യയിൽ-ദൂരദർശൻ-ഉപഗ്രഹസംപ്രേക്ഷണം-ടെലിവിഷനും ആഗോളവത്കരണവും-സ്വകാര്യചാനലുകൾ-കമ്പോളവും ടെലിവിഷനും -രാഷ്ട്രീയപാർട്ടികളുടെ ചാനലുകൾ, പത്രഉടമസ്ഥതയിലുള്ള ചാനലുകൾ-ഭരണകൂടവും ടെലിവിഷനും.

**മൊഡ്യൂൾ ആറ്**

മാധ്യമപഠനത്തിന്റെ സാംസ്കാരിക തലങ്ങൾ-മാധ്യമങ്ങൾ പ്രചരണോപകരണം എന്ന നിലയിൽ-പബ്ലിക് ഒപ്പീനിയൻ(വാൾട്ടർലിപ്മാൻ)പ്രൊപ്പഗണ്ട, പബ്ലിക് റിലേഷൻ അധികാരവും മാധ്യമങ്ങളും-മാർഷൽ മക്ലൂഹന്റെ മാധ്യമസങ്കൽപ്പം-തിയഡോർ അഡോണോ (how to look at Television)- ബഹുജനമാധ്യമങ്ങളുടെ രാഷ്ട്രീയസമ്പദ്ഘടനയെപ്പറ്റിയുള്ള എഡ്വേർഡ് എസ്.ഹെർമ്മന്റെയും നോം ചോംസ്കിയുടെയും കാഴ്ചപ്പാട്- ബോദ്രിയാദിന്റെ സൈലൻസിങ് ദി മാസ്-മാധ്യമസമൂഹം എന്ന സങ്കൽപ്പനത്തെപ്പറ്റി ഫ്രെഡറിക് ജെയിംസന്റെ കാഴ്ചപ്പാട് മാനുവൽ കാസ്റ്റൽസ് (മെസ്സേജ് ഈസ് ദി മീഡിയം), സത്യാനന്തരകാലവും മാധ്യമങ്ങളും.

**സഹായകഗ്രന്ഥങ്ങൾ**

01. വൃത്താന്തപത്രപ്രവർത്തനംസ്വദേശാഭിമാനി രാമകൃഷ്ണപിള്ള(മീഡിയ അക്കാദമി)

02. കേരളപത്രപ്രവർത്തന ചരിത്രംപുതുപ്പള്ളി രാഘവൻ( സാഹിത്യഅക്കാദമി)

03. മലയാളപത്രപ്രവർത്തനം: പ്രാരഗഭസ്വരൂപംജി. പ്രിയദർശൻ (സാിത്യ അക്കാദമി)

04. ഫോർത്ത് എസ്റ്റേറ്റിന്റെ മരണം( എൻ.പി. രാജേന്ദ്രൻ(മാതഭൂമി)

05. ഇന്ത്യയിലെ പത്രവിപ്ലവംറോബിൻ ജെഫ്രി (ഭാഷാ ഇൻസ്റ്റിറ്റിയൂട്ട്)

